സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
**മാഗസിൻ**

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം · PEOPLE REVIEW

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2024 മെയ് 24 വെള്ളി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ | പുസ്തകം 17 ലക്കം 150

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
**മാഗസിൻ**

## പൊന്നാനിയിൽ ആളുമാറി അറസ്റ്റ്: മലപ്പുറം എസ്.പി റിപ്പോർട്ട് തേടി; മനുഷ്യാവകാശ കമ്മീഷന് പരാതി നൽകുമെന്ന് കുടുംബം

മലപ്പുറം: പൊന്നാനിയിൽ ആളുമാറി യുവാവിനെ അറസ്റ്റ് ചെയ്തതിൽ മലപ്പുറം എസ്.പി റിപ്പോർട്ട് തേടി. സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പിയോട് ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. റിപ്പോർട്ട് ലഭിച്ചതിനുശേഷമായിരിക്കും തുടർനടപടികൾ സ്വീകരിക്കുക.

വെളിയങ്കോട് സ്വദേശി അലുങ്ങൽ അബൂബക്കറാണ് യാതൊരു കാരണവുമില്ലാതെ ജയിലിൽ കിടന്നത്. ബന്ധുക്കൾ കോടതിയെ സമീപിച്ചതോടെ യുവാവിനെ മോചിപ്പിച്ചു. വടക്കേ പുറത്ത് അബൂബക്കർ ചെലവിന് നൽകുന്നില്ലന്ന് കാണിച്ച് ഇയാളുടെ ഭാര്യ പരാതി നൽകിയിരുന്നു. തിരൂർ കുടുംബ കോടതിയിൽ നിന്നുള്ള വാറൻറ് നടപ്പാക്കാൻ എത്തിയ പൊന്നാനി പൊലീസാണ് ആളുമാറി ആലുങ്ങൽ അബൂബക്കറിനെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കിയത്.

ആലുങ്ങൽ അബൂബക്കറിന്റെ പേരിൽ കുടുംബ പ്രശ്നവുമായി ബന്ധപ്പെട്ടു ഭാര്യ മുമ്പ് പൊലീസിൽ പരാതി നൽകിയിരുന്നു. ആദ്യം ഈ കേസ് ആണെന്ന് കരുതിയെങ്കിലും പിന്നീട് വീട്ടു പേരിൽ മാറ്റമുണ്ടെന്നും പൊലീസ് ഉദ്ദേശിച്ച അബൂബക്കർ താനല്ലെന്നും പൊലീസിനോട് ആവർത്തിച്ചു പറഞ്ഞെങ്കിലും കാര്യമുണ്ടായില്ല.തന്നെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കുകയായിരുന്നുവെന്ന് അബൂബക്കർ പറഞ്ഞു. കോടതിയിൽ ജീവനാംശം നൽകാനുള്ള തുകയില്ലെന്ന് അറിയിച്ചതോടെ ആറു മാസം തടവിന് ശിക്ഷിച്ചു. ചെയ്യാത്ത കുറ്റത്തിനാണ് താൻ തവനൂർ ജയിലിൽ ജയിൽ ശിക്ഷ അനുഭവിച്ചതെന്നും ഇനി ഒരാൾക്കും ഇത്തരത്തിൽ ഒരു അനുഭവം ഉണ്ടാകരുതെന്നും അബൂബക്കർ പറഞ്ഞു.

അതേസമയം, അബൂബക്കറിന്റെ ബന്ധുക്കളിൽ ചിലർ നടത്തിയ അന്വേഷണത്തിൽ യഥാർഥ പ്രതി മറ്റൊരു അബൂബക്കർ ആണെന്ന് മനസ്സിലാവുകയായിരുന്നു. തുടർന്ന് ഇവർ കോടതിയെ സമീപിച്ചു. ഇതോടെ കോടതിക്ക് കാര്യം മനസ്സിലാവുകയും ഇയാളെ മോചിപ്പിക്കുക്കാൻ ഉത്തരവിടുകയുമായിരുന്നു.

രണ്ട് അബൂബക്കർമാരുടെയും പിതാവിന്റെ പേര് ഒന്നായതാണ് ആശയക്കുഴപ്പമുണ്ടാക്കിയത് എന്നാണ് പൊലീസിന്റെ വിശദീകരണം.

സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഉൾപ്പെടെയുള്ളവരെ സമീപിക്കാൻ ഒരുങ്ങുകയാണ് അബൂബക്കറിന്റെ ബന്ധുക്കൾ.

## കേന്ദ്രീയവിദ്യാലയങ്ങളിലും സൈനിക സ്കൂളുകളിലും മലയാളം മിഷന്റെ അനൗപചാരിക കോഴ്സുകൾ പഠിപ്പിക്കാൻ നീക്കം

തിരുവനന്തപുരം: സംസ്ഥാനത്ത് മലയാള ഭാഷ പഠനനിയമത്തിന് വിരുദ്ധമായി കേന്ദ്രീയ വിദ്യാലയങ്ങളിലും സൈനിക സ്കൂളുകളിലും മലയാളം മിഷന്റെ അനൗപചാരിക കോഴ്സുകൾ പഠിപ്പിക്കാൻ നീക്കം.

എസ്സിഇആർടി തയാറാക്കിയ മലയാളം പാഠപുസ്തകമാണ് സ്കൂളുകളിൽ പഠിപ്പിക്കേണ്ടത് എന്ന് നിയമം നിലനിൽക്കെയാണ്നടപടി. വിദ്യാഭ്യാസ വകുപ്പിന്റെ പാഠ്യപദ്ധതിക്ക് സമാന്തരമായി മലയാളം മിഷന്റെ കോഴ്സുകൾ നടപ്പാക്കുന്നത് ഭാഷാ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ് വിദഗ്ധരുടെ അഭിപ്രായം .

സംസ്ഥാനത്ത് ഏത് സിലബസിൽ പഠിപ്പിക്കുന്ന വിദ്യാലയത്തിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കണമെന്നാണ് മലയാളപഠന നിയമത്തിന്റെ ചട്ടത്തിലുള്ളത്. ഇതിനായി എസ്സിഇആർടി തയാറാക്കിയ പാഠപുസ്തകമാണ് പഠിപ്പിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത് നിലനിൽക്കവെയാണ് കേന്ദ്രീയ വിദ്യാലയങ്ങളും സൈനിക് സ്കൂളും മലയാളം മിഷന്റെ അനൗപചാരിക ഭാഷാപഠന കോഴ്സുകൾ നടപ്പാകുന്നത്.

## ആറ്റിങ്ങൽ ഇരട്ടക്കൊല

# വധശിക്ഷ ഒഴിവാക്കി; നിനോ മാത്യുവിന് ജീവപര്യന്തം; അനുശാന്തിയുടെ ഇരട്ട ജീവപര്യന്തം ശരിവെച്ചു



കൊച്ചി: ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസിൽ ഒന്നാം പ്രതി നിനോ മാത്യുവിന്റെ വധശിക്ഷ ഇളവു ചെയ്ത് ഹൈക്കോടതി. വധശിക്ഷ ഒഴിവാക്കണമെന്ന നിനോ മാത്യുവിന്റെ ഹർജി പരിഗണിച്ച കോടതി ശിക്ഷ ജീവപര്യന്തമാക്കി കുറച്ചു. 25 വർഷം പരോളില്ലാതെ നിനോ മാത്യു ശിക്ഷ അനുഭവിക്കണമെന്ന് ഹൈക്കോടതി വിധിച്ചു.

കേസിൽ ഇരട്ട ജീവപര്യന്തം വിധിച്ച വിചാരണക്കോടതി വിധിക്കെതിരെ നിനോ മാത്യുവിന്റെ കാമുകി അനുശാന്തി നൽകിയ അപ്പീൽ ഹൈക്കോടതി തള്ളി. അനുശാന്തിയുടെ ഇരട്ടജീവപര്യന്തം വിധി ഹൈക്കോടതി ശരിവെച്ചു. ജസ്റ്റിസുമാരായ പി ബി സുരേഷ് കുമാർ, ജോൺസൺ ജോൺ എന്നിവരുടെ ബെഞ്ചിന്റേതാണ് വിധി.

2014 ഏപ്രിൽ 16നാണ് നിനോ മാത്യു കാമുകി അനുശാന്തിയുടെ മകൾ, ഭർതൃമാതാവ് എന്നിവരെ വീട്ടിൽക്കയറി വെട്ടിക്കൊലപ്പെടുത്തിയത്. ആറ്റിങ്ങൽ ആലംകോട് മണ്ണൂർഭാഗം തുഷാരത്തിൽ തങ്കപ്പൻ ചെട്ടിയാരുടെ ഭാര്യ വിജയമ്മ എന്ന ഓമന (57), ചെറുമകൾ സ്വാസ്തിക (4) എന്നിവരാണ് കൊല്ലപ്പെട്ടത്. കൊലപാതകം, കൊലപാതകശ്രമം, തെളിവു നശിപ്പിക്കൽ, ഗൂഢാലോചന എന്നീ കുറ്റങ്ങൾ പ്രകാരമാണ് വിചാരണക്കോടതി ശിക്ഷ വിധിച്ചത്.

തിരുവനന്തപുരം ടെക്നോപാർക്കിൽ ജോലി ചെയ്യുന്നവരും സുഹൃത്തുക്കളുമായിരുന്നു കേസിലെ പ്രതികളായ നിനോ മാത്യുവും അനുശാന്തിയും. അനുശാന്തിയുമായി ഒരുമിച്ചു ജീവിക്കാനുള്ള തടസ്സങ്ങൾ ഒഴിവാക്കുക ലക്ഷ്യമിട്ടാണ് ഓമനയേയും പേരക്കുട്ടിയേയും കൊലപ്പെടുത്തിയത്. ആക്രമണത്തിൽ അനുശാന്തിയുടെ ഭർത്താവ് ലിജീഷിന് ഗുരുതരമായി പരിക്കേറ്റിരുന്നു.

## ബാർ കോഴ: ശബ്ദരേഖയെക്കുറിച്ച് അന്വേഷിക്കണം; ഡിജിപിക്ക് മന്ത്രി എം ബി രാജേഷിന്റെ കത്ത്



തിരുവനന്തപുരം: ബാർ കോഴ ആരോപണത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് എക്സൈസ് മന്ത്രി എം ബി രാജേഷ് ഡിജിപിക്ക് കത്തു നൽകി. വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നു. ബാർ കോഴയുമായി ബന്ധപ്പെട്ട് പുറത്തു വന്ന ശബ്ദരേഖയെക്കുറിച്ച് അന്വേഷിക്കണമെന്നും എക്സൈസ് മന്ത്രി ഡിജിപി ഷേഖ് ദർവേഷ് സാഹിബിന് നൽകിയ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ബാർകോഴയുമായി ബന്ധപ്പെട്ട് പുറത്തു വന്ന ശബ്ദരേഖയെ സർക്കാർ വളരെ ഗൗരവത്തോടെയാണ് കാണുന്നതെന്ന് മന്ത്രി എംബി രാജേഷ് നേരത്തെ വ്യക്തമാക്കിയിരുന്നു. മദ്യനയത്തിന്റെ ആലോചനകളിലേക്ക് സർക്കാർ കടന്നിട്ടില്ല. മദ്യനയത്തിന്റെ പ്രാരംഭ ചർച്ചകൾ പോലുമായിട്ടില്ല. അത്തരമൊരു സാഹചര്യത്തിൽ ഇത്തരത്തിലൊരു പണപ്പിരിവിന് ശ്രമിക്കുന്നു എന്നത് ഗൗരവത്തോടുകൂടി കാണുന്നു, ശക്തമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി രാജേഷ് പറഞ്ഞു.

ഒരു തരത്തിലും ഇത്തരത്തിലൊരു നടപടി വെച്ചുപൊറുപ്പിക്കില്ല. മദ്യനയം സർക്കാരാണ് ആവിഷ്കരിക്കുന്നത്. അതിന്റെ ചർച്ച നടക്കുന്നതിനു മുമ്പു തന്നെ മാധ്യമങ്ങളിൽ പലതരത്തിൽ ചർച്ചകൽ വരുന്നുണ്ട്. അതിന്റെ മറവിൽ ആരെങ്കിലും പണപ്പിരിവിന് ശ്രമിച്ചാൽ കർശന നടപടിയുണ്ടാകും. ശബ്ദരേഖ കലാപരിപാടികൾ കുറച്ചു കാലമായിട്ടുള്ള സ്ഥിരം പരിപാടിയാണല്ലോ. ബാക്കി കാര്യങ്ങൾ നോക്കട്ടെ എന്നും മന്ത്രി പറഞ്ഞു.

സർക്കാരിനെ സംബന്ധിച്ച് ഇത്തരം തെറ്റായ പ്രവണതകളെ പ്രോത്സാഹിപ്പിക്കുന്ന പ്രശ്നമില്ല. ആരായിരുന്നാലും അതിനെ കൈകാര്യം ചെയ്യാൻ സർക്കാരിന് അറിയാം. സാധാരണ ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ചർച്ച നടക്കേണ്ടതാണ്. എന്നാൽ തെരഞ്ഞെടുപ്പ് ആയതിനാൽ ഇതുവരെ ചർച്ചകൾ നടന്നിട്ടില്ല. മാധ്യമങ്ങളിൽ വരുന്ന ചർച്ചകളുടെ ഉറവിടം എന്താണെന്ന് അറിയില്ല. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ചിലർ പണപ്പിരിവിന് ഇറങ്ങിപ്പുറപ്പെടുന്നത് ഗൗരവമായി സർക്കാർ കാണുന്നു. അതിനെ ശക്തമായി നേരിടുമെന്നും മന്ത്രി വ്യക്തമാക്കിയിരുന്നു.

## വീണ്ടും ബാർകോഴ വിവാദം

# മദ്യനയത്തിൽ ഇളവിന് കോഴ നൽകണമെന്ന് ശബ്ദരേഖ




തിരുവനന്തപുരം: മദ്യനയത്തിൽ ഇളവ് ലഭിക്കാൻ കോഴ നൽകണമെന്നു ശബ്ദരേഖ . ബാറുടമകൾ 2.5 ലക്ഷം രൂപ വീതം നൽകണമെന്നാണ് ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ സംഘടന വൈസ് പ്രസിഡൻറ് അനിമോൻറെ ശബ്ദരേഖയിൽ പറയുന്നത്.

രണ്ടു ദിവസത്തിനുള്ളിൽ പണം നൽകണമെന്നും ഡ്രൈഡേ ഒഴിവാക്കാനും മറ്റു ഇളവുകൾക്കും കൊടുക്കേണ്ടത് കൊടുക്കണമെന്നും ശബ്ദരേഖയിൽ പറയുന്നു. ഇപ്പോഴത്തെ മദ്യനയത്തിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ശബ്ദരേഖ പുറത്തുവരുന്നത്.

" പുതിയ പോളിസി ഇലക്ഷൻ കഴിഞ്ഞാലുടൻ വരുന്നതാണ്. ഡ്രൈ ഡേ എടുത്തുകളയും. ബാക്കി കാര്യങ്ങളൊക്കെ കഴിഞ്ഞ ജനറൽ ബോഡി മീറ്റിംഗിൽ പറഞ്ഞതാണ്. ഇതൊക്കെ ചെയ്തു തരുന്നുണ്ടെങ്കിൽ നമ്മള് കൊടുക്കണ്ടതായിട്ടുള്ള കാര്യങ്ങൾ കൊടുക്കണം. അതിനാരും ഇടുക്കി ജില്ലയിൽ നിന്നും ഇത്രയും ഹോട്ടലുകളുള്ള സ്ഥലത്തു നിന്നും ഒരു ഹോട്ടൽ മാത്രമേ രണ്ടര ലക്ഷം രൂപ നൽകിയിട്ടുള്ളൂ. ബാക്കി ഒരു ഹോട്ടലും തന്നിട്ടില്ലെന്ന വിവരം എല്ലാവരെയും അറിയിക്കുകയാണ്. പിന്നെ പലരും അവടെ കൊടുത്തു ഇവിടെ കൊടുത്തു എന്നു പറയുന്നതെല്ലാം വെറുതെ ഫേക്ക് ആയിട്ടുള്ള വാർത്തയാണ്. നമ്മള് കൊടുക്കാതെ ആരും നമ്മളെ സഹായിക്കില്ല. ആരുമായും ആർക്കും വേറെ ബന്ധങ്ങളില്ല. രണ്ടര ലക്ഷം രൂപ കൊടുക്കാൻ പറ്റുന്നവർ രണ്ടു ദിവസത്തിനുള്ളിൽ ഈ ഗ്രൂപ്പിലിടുക. നിങ്ങളുടെ ആരുടെയും ഒരു പത്തു പൈസ പോകില്ല, അതിനെല്ലാം കൃത്യമായ കണക്കുണ്ട്. പിന്നെ വിശ്വാസമില്ലാത്തവർ അവരവരുടെ ഇഷ്ടം പോലെ ചെയ്യുക. സഹകരിച്ചില്ലെങ്കിൽ വലിയൊരു നാശത്തേക്കാണ് പോകുന്നത്. ഇതെല്ലാവരോടും നേരത്തെ ഒന്നു അറിയിച്ചു എന്നേയുള്ളൂ" എന്നാണ് അനിമോൻറെ ശബ്ദരേഖയിൽ പറയുന്നത്.

## മന്ത്രി എം ബി രാജേഷ് രാജിവയ്ക്കണമെന്ന് സുധാകരൻ

തിരുവനന്തപുരം: ബാറുടമകളിൽ നിന്ന് 25 കോടി രൂപയുടെ വമ്പൻ അഴിമതി നടത്തിയാണ് പുതിയ മദ്യം നയം നടപ്പിലാക്കുന്നതെന്നും എക്സൈസ് മന്ത്രി എം ബി രാജേഷ് ഉടനടി രാജിവയ്ക്കണമെന്നും കെപിസിസി പ്രസിഡന്റ് കെ സുധാകരൻ. സംസ്ഥാനത്തെ 900 ബാറുകളിൽനിന്ന് 2.5ലക്ഷം രൂപ വച്ചാണ് ഇപ്പോൾ പിരിക്കുന്നത്. തെരഞ്ഞെടുപ്പിനു മുമ്പും വലിയൊരു തുക സമാഹരിച്ചതായി കേൾക്കുന്നു. കുടിശികയാണ് ഇപ്പോൾ പിരിക്കുന്നത്. ഐടി പാർക്കുകളിൽ മദ്യം വിൽക്കുക, ബാർ സമയപരിധി കൂട്ടുക, ഡ്രൈഡേ പിൻവലിക്കുക തുടങ്ങി ബാറുടമകൾക്ക് ശതകോടികൾ ലാഭം കിട്ടുന്ന നടപടികൾക്കാണ് നീക്കം. മുഖ്യമന്ത്രി പിണറായി വിജയന്റെ പുതിയ മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കും. ഐടി പാർക്കുകളിൽ ജോലി ചെയ്യുന്ന യുവതലമുറയെ മദ്യത്തിലേക്ക് വലിച്ചെറിയുന്ന ഏറ്റവും ഭയാനകമായ തീരുമാനമാണിത്. ബാറുകൾ തുറക്കാൻ ധനമന്ത്രി കെ എം മാണി ഒരു കോടി രൂപ കോഴ വാങ്ങിയെന്ന ബാറുടമകളുടെ വെളിപ്പെടുത്തലിൻറെ അടിസ്ഥാനത്തിലാണ് മാണിക്കെതിരെ ഇടതുപക്ഷത്തിന്റെ വലിയ പ്രക്ഷോഭം ഉണ്ടായത്. ധനമന്ത്രി കെ എം മാണിക്ക് രാജിവയ്ക്കേണ്ടി വന്നു. ഇപ്പോഴത്തേത് 25 കോടിയുടെ ഇടപാടാണ്. എക്സൈസ് മന്ത്രിയുടെ രാജി ഉടനടി ഉണ്ടാകണമെന്ന് സുധാകരൻ ആവശ്യപ്പെട്ടു.

## ഇരട്ട ന്യൂനമർദ്ദം; സംസ്ഥാനത്ത് ഇന്നും നാളെയും അതിതീവ്ര മഴ

തിരുവനന്തപുരം: ഇരട്ട ന്യൂനമർദ്ദം രൂപപ്പെട്ടതിന് പിന്നാലെ സംസ്ഥാനത്ത് മഴ കനക്കും. ഇന്നും നാളെയും കേരളത്തിൽ അതിതീവ്ര മഴയെന്ന് മുന്നറിയിപ്പ് തെക്ക് – കിഴക്കൻ അറബിക്കടലിൽ കേരള തീരത്തിന് അരികെയും ബംഗാൾ ഉൾക്കടലിലുമാണ് ന്യൂനമർദ്ദം രൂപപ്പെട്ടത്.ബംഗാൾ ഉൾക്കടലിലെ ശക്തികൂടിയ ന്യൂനമർദ്ദം നാളെയോടെ ചുഴലിക്കാറ്റായേക്കും. കേരളതീരം തൊടില്ലെങ്കിലും സംസ്ഥാനത്ത് മഴ കനക്കാൻ ഇത് കാരണമാകും.പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് അലർട്ട് തുടരും. 9 ജില്ലകളിൽ യെല്ലോ അലർട്ടുമാണ്. മഴയിൽ സംസ്ഥാനത്ത് ഇന്നും വ്യാപക നാശനഷ്ടമുണ്ടായി. മഴക്കാലക്കെടുതി നേരിടാൻ സംസ്ഥാനം സുസജ്ജമെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു.കഴിഞ്ഞ 24 മണിക്കൂറിൽ കേരളത്തിലെ 9 ജില്ലകളിൽ അതിതീവ്ര മഴ പെയ്തു. ഈ മാസം ഒൻപതു മുതൽ 24 വരെ മാത്രം കേരളത്തിൽ 274.7mm മഴ ലഭിച്ചു.

# അടുത്ത 10 വർഷത്തേക്ക് ഇൻഡ്യ മുന്നണി ഭരിക്കുമെന്ന് ഖാർഗെ



ഡൽഹി: പൊതുതെരഞ്ഞെടുപ്പ് അവസാനഘട്ടത്തിലേക്ക് അടുക്കുമ്പോൾ ഇൻഡ്യ മുന്നണിയുടെ വിജയത്തെക്കുറിച്ച് കൂടുതൽ ആത്മവിശ്വാസം പ്രകടിപ്പിച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതികരണം നോക്കുമ്പോൾ ഭരണമാറ്റത്തിൻറെ നല്ല സൂചനകളാണ് ലഭിക്കുന്നതെന്ന് അദ്ദേഹം ഹിന്ദുസ്ഥാൻ ടൈംസിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

"ഞങ്ങൾ പല സംസ്ഥാനങ്ങളും നിരവധി മണ്ഡലങ്ങളും സന്ദർശിച്ചു. കോൺഗ്രസ് കൂടുതൽ തിരിച്ചുവരുമെന്നും ഈ തെരഞ്ഞെടുപ്പിൽ ഇൻഡ്യ സഖ്യം തീർച്ചയായും വിജയിക്കുമെന്നുമുള്ള പ്രതികരണങ്ങളാണ് ലഭിച്ചത്. പൊതുജനങ്ങളിൽ നിന്നും സ്ത്രീകളിൽ നിന്നുമുള്ള പ്രതികരണം പുതിയ കാര്യമാണ്. 2019ലെ സ്ഥിതി ഇതായിരുന്നില്ല, ആദിവാസി മേഖലയായാലും നഗരമായാലും ഇടത്തരക്കാരായാലും താഴെത്തട്ടിലുള്ളവരായാലും എവിടെ പോയാലും അവിടെ നിന്നും മികച്ച പ്രതികരണമാണ് ലഭിക്കുന്നത്" ഖാർഗെ പറഞ്ഞു. പ്രധാനമന്ത്രി ആരാകുമെന്ന ചോദ്യത്തിന് "ആദ്യം നമുക്ക് തെരഞ്ഞെടുപ്പിൽ ജയിക്കാം. പ്രധാനമന്ത്രിയെ എങ്ങനെ തെരഞ്ഞെടുക്കണമെന്ന് ഞങ്ങൾ തീരുമാനിക്കും. കുട്ടി ഇതുവരെ ജനിച്ചിട്ടില്ല, അതിന്റെ വലുപ്പം എന്തായിരിക്കുമെന്ന് എങ്ങനെ ചർച്ച ചെയ്യും" എന്നായിരുന്നു കോൺഗ്രസ് അധ്യക്ഷൻറെ മറുപടി.

"ഞാൻ പാർട്ടിയുടെ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നു, ഒരു ദലിതൻ എന്ന നിലയിൽ ഒരു സ്ഥാനവും 53 വർഷമായി ഞാൻ ആവശ്യപ്പെട്ടിട്ടില്ല. ഞാൻ ആദ്യം വിദ്യാഭ്യാസ മന്ത്രിയായി, രണ്ടാമതായി, ഞാൻ റവന്യൂ, ഗ്രാമവികസന മന്ത്രിയായി. മൂന്നാമത് വീണ്ടും ഗ്രാമവികസന മന്ത്രിയായി.എന്റെ സമുദായത്തിൽ നിന്ന് മാത്രം അഞ്ച് ദലിത് മന്ത്രിമാരുണ്ടെങ്കിലും ഞാൻ വകുപ്പുകൾ ആവശ്യപ്പെട്ടിട്ടില്ല, ദലിതരുടെ പേരിൽ ഞാൻ ഒന്നും ചോദിച്ചിട്ടില്ല.എന്നാൽ എനിക്ക് ജനങ്ങളെ സേവിക്കാൻ അവസരം ലഭിച്ചു. അത് പാർട്ടിയുടെ പരിപാടികളോടും നയങ്ങളോടുമുള്ള നിങ്ങളുടെ പ്രതിബദ്ധതയെ ആശ്രയിച്ചിരിക്കുന്നു. ഞങ്ങൾക്കൊരു നേതാവുണ്ട്, രാഹുൽ ഗാന്ധി. എല്ലാം സഖ്യകക്ഷികൾ തീരുമാനിക്കും" ആദ്യത്തെ ദലിത് പ്രധാനമന്ത്രിയാകുമോ എന്ന ചോദ്യത്തിന് ഖാർഗെയുടെ പ്രതികരണം ഇതായിരുന്നു.

ഇൻഡ്യ മുന്നണി എത്ര സീറ്റ് നേടുമെന്ന് കൃത്യമായി പ്രവചിക്കാൻ കഴിയില്ലെങ്കിലും 300 കടക്കുമെന്ന് ഖാർഗെ തറപ്പിച്ചു പറഞ്ഞു. മോദി വീണ്ടും അധികാരത്തിൽ വരുന്നത് തടയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. "2004ൽ എല്ലാ പാർട്ടികളും ഒരുമിച്ചായിരുന്നുവെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. തെരഞ്ഞെടുപ്പിന് മുമ്പ് എല്ലാ പാർട്ടികളും എന്തൊക്കെയോ വാഗ്ദാനങ്ങൾ നൽകിയിരുന്നു.എബി വാജ്പേയി എന്ന ഒരു നേതാവും ഇന്ത്യ ഷൈനിംഗ് കാമ്പെയ്നും മാത്രമേ ഉണ്ടായിരുന്നുള്ളൂ.ഒരു പാർട്ടിക്കും ഭൂരിപക്ഷമില്ലായിരുന്നു. കോൺഗ്രസ് പാർട്ടിക്ക് 140 സീറ്റുകൾ മാത്രമാണ് ലഭിച്ചത്. പിന്നീട് യുപിഎ രൂപീകരിച്ചു. സോണിയാ ഗാന്ധിയോട് പ്രധാനമന്ത്രിയാകാൻ ആവശ്യപ്പെട്ടെങ്കിലും അവർ അത് നിരസിച്ചു. സാമ്പത്തിക വിദഗ്ധനായ ഒരു നല്ല മനുഷ്യനെ ആ സ്ഥാനത്തേക്ക് കൊണ്ടുവന്നു. പിന്നെ മൻമോഹൻ സിംഗ് വന്നു അഞ്ചു വർഷം അവിടെ ഉണ്ടായിരുന്നു. എന്തെങ്കിലും പ്രശ്നങ്ങളുണ്ടായോ?. എല്ലാ വർഷവും പുതിയ പ്രധാനമന്ത്രി ഉണ്ടാകുമെന്നാണ് മോദി പറയുന്നത്. നോട്ട് നിരോധനം പോലെയല്ല, വളരെ നല്ല നയങ്ങളാണ് അദ്ദേഹം കൊണ്ടുവന്നത്.അദ്ദേഹം സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തി. മൻമോഹൻ സിംഗ് സംസാരിക്കുമ്പോൾ, ഒബാമ പറഞ്ഞത് പോലെ ലോകം മുഴുവൻ കേൾക്കുമായിരുന്നു.ഞങ്ങൾ എന്തിന് നുണ പറയണം? വെറുമൊരു വലിയ ആളായി വേഷം കെട്ടുന്നത് ഗുണം ചെയ്യില്ല. 10 വർഷം ഭരിക്കുന്ന സുസ്ഥിരമായ ഒരു സർക്കാർ ഇൻഡ്യ മുന്നണി നിങ്ങൾക്ക് നൽകും. ഞാൻ പറഞ്ഞത് ശരിയാണോ എന്ന് പിന്നീട് കാണാം. 2004 മുതൽ 2014 വരെയുള്ള ഉദാഹരണങ്ങൾ നമുക്കുണ്ട്" ഖാർഗെ വ്യക്തമാക്കി.

## പത്താം ക്ലാസുകാരൻ 13കാരിയെ ക്ലാസ് മുറിയിൽ വച്ച് ബലാത്സംഗം ചെയ്തു

അമരാവതി: പതിമൂന്നുകാരിയെ ക്ലാസ് മുറിയിൽ വച്ച് ബലാത്സംഗത്തിനിരയാക്കിയ പത്താം ക്ലാസുകാരൻ അറസ്റ്റിൽ. ആന്ധ്രാപ്രദേശ് ഏലൂർ ജില്ലയിലെ സർക്കാർ സ്കൂളിലാണ് സംഭവം. പ്രതിക്കൊപ്പം പെൺകുട്ടിയുടെ മാതാപിതാക്കളെ ഭീഷണിപ്പെടുത്തി പണം തട്ടുന്നതിനായി കുറ്റകൃത്യം മൊബൈലിൽ പകർത്തിയ നാലുപേരെ പേരെയും പൊലീസ് അറസ്റ്റ് ചെയ്തു. മാതാപിതാക്കൾ രണ്ട് ലക്ഷം രൂപ നൽകാത്തതിനെത്തുടർന്ന് പ്രതികൾ വീഡിയോ പ്രചരിപ്പിച്ചിരുന്നു.

മേയ് 15നാണ് സംഭവം. ഏഴാം ക്ലാസ് പരീക്ഷയുടെ മാർക്ക് ഷീറ്റ് വാങ്ങാൻ സ്കൂളിലെത്തിയതായിരുന്നു പെൺകുട്ടി. ഈ സമയത്ത് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിയും നാലു യുവാക്കളും ചേർന്ന് പെൺകുട്ടിയെ ആളൊഴിഞ്ഞ ക്ലാസ് മുറിയിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോയി പീഡിപ്പിക്കുകയായിരുന്നു. വേനലവധിക്കായി സ്കൂൾ അടച്ച സമയത്താണ് അതിക്രമം നടന്നത്. ഇത് നാലു പുരുഷൻമാർ മൊബൈൽ ഫോണിൽ പകർത്തുകയും ചെയ്തു. രണ്ടു ലക്ഷം രൂപ നൽകിയില്ലെങ്കിൽ ദൃശ്യം പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയെങ്കിലും പെൺകുട്ടിയുടെ മാതാപിതാക്കൾ പണം നൽകിയില്ല. തുടർന്ന് പ്രതികൾ വാട്ട്സാപ്പ് വഴി വീഡിയോ പ്രചരിപ്പിക്കുകയായിരുന്നു. പെൺകുട്ടിയുടെ മാതാപിതാക്കൾ പൊലീസിൽ പരാതി നൽകിയതോടെയാണ് സംഭവം പുറംലോകമറിയുന്നത്.വീട്ടുകാരുടെ പരാതിയിൽ പൊലീസ് കേസെടുത്ത് മണിക്കൂറുകൾക്കകം പ്രതിയെ പിടികൂടി. പെൺകുട്ടിയെ വൈദ്യപരിശോധനക്ക് അയക്കുകയും ചെയ്തു. പത്താം ക്ലാസുകാരനെ ജുവനൈൽ ഹോമിലേക്ക് മാറ്റി. 19–22 വയസ് പ്രായമുള്ള മറ്റ് പ്രതികളെ അറസ്റ്റ് ചെയ്ത് ഏലൂർ കോടതിയിൽ ഹാജരാക്കി. പിന്നീട് നാലുപേരെയും 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. കേസിൽ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

# പെരിയാറിലെ മത്സ്യക്കുരുതി:10 കോടിയിലേറെ നഷ്ടമെന്ന് കണ്ടെത്തൽ

കൊച്ചി: പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയതിൽ മത്സ്യകർഷകർക്കുണ്ടായ നാശനഷ്ടത്തിന്റെ പ്രാഥമിക റിപ്പോർട്ട് ഫിഷറീസ് വകുപ്പ് ഇന്ന് സമർപ്പിക്കും. മത്സ്യകർഷകർക്കും തൊഴിലാളികൾക്കും പത്തു കോടിയിലേറെ രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് ഫിഷറീസ് വകുപ്പിൻറെ പ്രാഥമിക കണ്ടെത്തൽ.

പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് മത്സ്യകർഷകരുടെ നാശനഷ്ടം സംബന്ധിച്ച ഫിഷറീസ് വകുപ്പിന്റെ കണക്കെടുപ്പ് ഇന്നത്തോടെ അവസാനിക്കും. ഇന്ന് ഉച്ചയോടെ സബ് കലക്ടർക്ക് റിപ്പോർട്ട് കൈമാറും. പെരിയാറിനെ ആശ്രയിച്ചു കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടം കൂടി കണക്കിലെടുത്ത് 10 കോടിയിലേറെ രൂപയുടെ നഷ്ടമാണ് ഫിഷറീസ് വകുപ്പ് കണക്കാക്കുന്നത്. കുഫോസ് നിയോഗിച്ച വിദഗ്ധ സമിതിയുടെ പരിശോധനയും തുടരുകയാണ്.

പെരിയാറിന്റെ വിവിധ പ്രദേശങ്ങളിൽ പരിശോധന തുടരുന്ന സംഘം നാളെ റിപ്പോർട്ട് സമർപ്പിക്കും. ഈ റിപ്പോർട്ടുകളെല്ലാം ഏകീകരിച്ച ശേഷമായിരിക്കും തുടർനടപടികൾ സ്വീകരിക്കുക. പെരിയാറിലെ രാസമാലിന്യം സംബന്ധിച്ച് ആശങ്ക ഉയർത്തുന്ന പരിസ്ഥിതി പ്രവർത്തകരുമായി ഇന്ന് സബ് കലക്ടർ കൂടിക്കാഴ്ച നടത്തും. പൊല്യൂഷൻ കൺട്രോൾ ബോർഡിൻറെ ഉന്നതയോഗം ചേർന്നശേഷം വിഷയത്തിൽ സമഗ്രമായ കർമ്മ പദ്ധതി രൂപീകരിക്കാനും ആലോചനയുണ്ട്.

മത്സ്യകർഷകർക്ക് ഇടക്കാല ധനസഹായം നൽകുന്നതുൾപ്പെടെയുള്ള ഹ്രസ്വകാല പദ്ധതികൾക്ക് പുറമെ, പെരിയാറിന്റെ വീണ്ടെടുപ്പ് സാധ്യമാക്കുന്ന ദീർഘകാല കർമപദ്ധതികൾക്കും ആലോചനയുണ്ട്. പാതാളം ബണ്ട് തുറക്കുന്നത് സംബന്ധിച്ച് നഗരസഭ, പൊല്യൂഷൻ കൺട്രോൾ ബോർഡ് , ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് എന്നിവയുടെ ഏകോപനം കൂടി വരുന്നതോടെ സമാന സംഭവങ്ങൾ ആവർത്തിക്കില്ലെന്നാണ് പ്രതീക്ഷ. വിഷയത്തിൽ ശനിയാഴ്ച റിപ്പോർട്ട് സമർപ്പിക്കാൻ വ്യവസായ മന്ത്രി പി.രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സബ് കലക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.





ബാലുശേരി ബിഎസ്എൻഎൽ ഓഫിസിനുള്ളിൽ വെള്ളം കയറിയ നിലയിൽ പുഴ കവിഞ്ഞൊഴുകി ബാലുശ്ശേരി മഞ്ഞപ്പാലം പനങ്ങാട് റോഡ് വെള്ളത്തിലായ നിലയിൽ

# കനത്ത മഴ: പരക്കെ നാശനഷ്ടം, ദുരിതം

പേരാമ്പ്ര: കനത്ത മഴയിൽ പേരാമ്പ്ര വെള്ളത്തിലായി. കഴിഞ്ഞ ദിവസം തകർത്ത് പെയ്ത മഴയിലാണ് ബസ് സ്റ്റാൻഡ് മുതൽ ചെമ്പ്ര റോഡ് വരെ വെള്ളത്തിലായത്. മണിക്കൂറുകളോളം വാഹനങ്ങൾ കുരുക്കിൽപെട്ടു. ഇരുചക്ര വാഹനങ്ങൾ അപകടത്തിൽപെട്ടു. 4 മണിയോടെ തുടങ്ങിയ മഴ ശക്തമായതോടെ പെട്ടെന്നാണ് ടൗണിൽ വെള്ളം കയറിയത്.

മരക്കാടി തോട് കരകവിഞ്ഞ് വെള്ളം ടൗണിലേക്ക് എത്തി. ടൗണിൽ എള്ളാരൻ കുളങ്ങര അമ്പലത്തിന് മുകളിലുള്ള കുന്നിൽ നിന്ന് ഒലിച്ചു വരുന്ന വെള്ളവും പഞ്ചായത്ത് റോഡിലൂടെ കൂനേരി കുന്നിൽ നിന്ന് ഒലിച്ചു വരുന്ന വെള്ളവും ടൗണിൽ എത്തുന്നതാണ് വെള്ളപ്പൊക്കത്തിന് കാരണം. കാനയിൽ മണ്ണും ചെളിയും അടിഞ്ഞതാണ് വെള്ളം റോഡിലൂടെ ഒഴുകാൻ കാരണം.

വെള്ളപ്പൊക്കത്തിന് കാരണം ടൗണിലെ നിർമാണ പ്രവർത്തനത്തിലെ അപാകതയെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി. ബസ് സ്റ്റാൻഡിനു സമീപമുള്ള മിക്ക കടകളിലും വെള്ളം കയറി നാശം സംഭവിച്ചു. നാശം ഉണ്ടായവർക്ക് നഷ്ടപരിഹാരം ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം. പ്രസിഡന്റ് സുരേഷ് ബാബു കൈലാസിന്റെ നേതൃത്വത്തിൽ നേതാക്കളായ സലിം മണവയൽ, ജയകൃഷ്ണൻ നോവ, സലിം മിലാസ് എന്നിവർ പൊതുമരാമത്ത് വകുപ്പ് അധികൃതരുമായി ബന്ധപ്പെടുകയും എഇയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ സ്ഥലത്ത് പരിശോധന നടത്തുകയും ചെയ്തു.

വെള്ളപ്പൊക്കത്തിന് കാരണം മരുതോറേമ്മൽ ഭാഗത്തുനിന്ന് ഒലിച്ചു വരുന്ന വെള്ളം കാനയിലൂടെ ഒഴുകി പോകാതെ റോഡിലൂടെ ഒഴുകുന്നത് കാരണമാണ്. അമ്പലത്തിനു മുന്നിലെ ഗ്രേറ്റിങ്സ് മാറ്റി കലുങ്ക് നിർമിച്ച് വെള്ളം ചെമ്പ്ര റോഡിലൂടെ ഒഴുകി പോകാനുള്ള സംവിധാനം ഒരുക്കിയാൽ മാത്രമാണ് പ്രശ്നം പരിഹരിക്കാൻ കഴിയൂ. സംവിധാനം ഒരുക്കാൻ എസ്റ്റിമേറ്റ് തയാറാക്കി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാൽ ഉടൻ പണി തുടങ്ങുമെന്ന് പൊതുമരാമത്ത് വകുപ്പ് എഇ ഇ.എം.യൂസഫ് അറിയിച്ചു.

ബാലുശ്ശേരി: മഴ തുടരുമ്പോൾ മലയോര മേഖലയിലും താഴ്ന്ന പ്രദേശങ്ങളിലും ആശങ്ക തുടരുന്നു. വീടുകളിൽ വെള്ളം കയറി ദുരിതത്തിലായ ഭൂരിഭാഗം കുടുംബങ്ങളും താൽക്കാലിക ക്യാംപുകളിലും ബന്ധു വീടുകളിലും തുടരുകയാണ്. ഉണ്ണികുളം പഞ്ചായത്തിൽ തേനാക്കുഴി എയുപി സ്കൂളിൽ ആരംഭിച്ച ക്യാംപിൽ എത്തിയവർ മടങ്ങി. ഒട്ടേറെ വീടുകളിൽ അർധരാത്രിക്കു ശേഷമാണ് വെള്ളം കയറിയത്. അതിനാൽ രക്ഷാപ്രവർത്തനം വൈകി. വീട്ടുപകരണങ്ങൾ നശിച്ചു.

ബാലുശ്ശേരി വൈകുണ്ഠം, ബാലുശ്ശേരി മുക്ക്, എകരൂൽ, എസ്റ്റേറ്റ് മുക്ക്, വള്ളിയോത്ത് ഭാഗങ്ങളിൽ കടകളിൽ വെള്ളം കയറി കനത്ത നാശം ഉണ്ടായി. ബാലുശ്ശേരി എയുപി സ്കൂൾ, നന്മണ്ട പിസി എൽപി സ്കൂൾ, എഴുകുളം മദ്രസ, സരസ്വതി വിദ്യാമന്ദിർ എന്നിവിടങ്ങളിലാണ് താൽക്കാലിക ക്യാംപുകൾ. നാട്ടുകാരുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിലാണ് ക്യാംപുകളിൽ ഭക്ഷണവും മറ്റു സൗകര്യങ്ങളും ഒരുക്കുന്നത്. ലയൺസ് ക്ലബ് പ്രവർത്തകർ ബാലുശ്ശേരിയിൽ ഭക്ഷണ പൊതികൾ വിതരണം ചെയ്തു.

### ബിഎസ്എൻഎൽ ഓഫിസ് വെള്ളത്തിൽ

ബാലുശ്ശേരി ബിഎസ്എൻഎൽ ഓഫിസിനുള്ളിൽ വെള്ളം കയറി സാങ്കേതിക ഉപകരണങ്ങൾ നശിച്ചു. 6 ലക്ഷത്തോളം രൂപയുടെ നഷ്ടം കണക്കാക്കുന്നു. രാവിലെ ജീവനക്കാർ എത്തിയപ്പോഴാണ് എല്ലാ മുറികളിലും രണ്ടര അടിയോളം വെള്ളം ഉയർന്നതായി കണ്ടത്. ഏറെ പരിശ്രമിച്ചാണ് വെള്ളം ഒഴിവാക്കിയത്. ഉപകരണങ്ങളിൽ പലതും ഉപയോഗശൂന്യമായി. 3ജി ഡേറ്റ സംവിധാനം തകരാറിലായില്ലെങ്കിലും 2ജി ഏറെ നേരം തടസ്സപ്പെട്ടു.

എകരൂൽ വള്ളിയോത്ത് അങ്ങാടിയിൽ മുപ്പറ്റമ്മൽ പ്രഭാകരൻ നായർ നടത്തുന്ന എആർഡി 99-ാം നമ്പർ റേഷൻകടയിൽ വെള്ളം കയറി. കരിയാത്തൻകാവ് ഖാദി കേന്ദ്രത്തിൽ വെള്ളം കയറി നൂൽ, പാവ് എന്നിവ ചെളിയിൽ കുതിർന്നു. ഗോഡൗണിൽ വെള്ളം കയറി ഉന്നം നിറച്ച കിടക്കകൾ നശിച്ചു. നൂൽനൂൽപ് കേന്ദ്രത്തിൽ നിർമിച്ച 8500 കുറ്റി നൂൽ ഉപയോഗിക്കാൻ പറ്റാതായി. 3 ലക്ഷത്തോളം രൂപയുടെ നഷ്ടം ഉണ്ട്.

### കച്ചവടക്കാർ പ്രതിഷേധത്തിൽ

ബാലുശ്ശേരി ടൗണിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ കാര്യക്ഷമമായ നടപടികൾ ഉണ്ടാകാത്തതിൽ പ്രതിഷേധം ശക്തമായി. വൈകുണ്ഠം ഭാഗത്തെ റിയൽ ഇലക്ട്രോണിക്സ്, കീഴമ്പത്ത് ട്രേഡേഴ്സ്, സ്റ്റേഷനറി, ഹരികൃഷ് അസോഷ്യേറ്റ്സ്, ഫാമിലി സ്റ്റോഴ്സ്, എയ്സ് ടൂൾസ്, എസ് പവർ സൊല്യൂഷൻസ്, കൺമണി സ്റ്റോഴ്സ്, കവിത ട്രേഡേഴ്സ് എന്നിവിടങ്ങളിൽ വെള്ളം കയറി.

ബാലുശ്ശേരി മുക്കിലെ ആദർശ് ഹിന്ദി വിദ്യാലയം, എസ്ബി ഓൺലൈൻ സേവന കേന്ദ്രം, വിഷ്ണു സ്റ്റേഷനറി എന്നിവിടങ്ങളിൽ വെള്ളം കയറി നാശം ഉണ്ടായി. ഇവിടെ തോടിനു പാർശ്വ ഭിത്തി ഇല്ലാത്തതാണ് ഭീഷണിയാകുന്നത്. ടൗൺ നവീകരണ പ്രവൃത്തിയിലെ അപാകതകൾ പരിഹരിച്ച് ബാലുശ്ശേരിയിലെ വെള്ളക്കെട്ട് ഒഴിവാക്കണമെന്ന് വ്യാപാരി വ്യവസായി സമിതി യോഗം ആവശ്യപ്പെട്ടു. പി.കെ.ഷാജി അധ്യക്ഷത വഹിച്ചു. സംഘടന മരാമത്ത് അധികൃതർക്ക് നിവേദനം നൽകി. സംസ്ഥാനപാത നവീകരണത്തിനു ശേഷം എകരൂൽ അങ്ങാടിയിൽ ഉണ്ടായ വെള്ളക്കെട്ട് പ്രതിസന്ധി പരിഹരിക്കാത്തിനു എതിരെ കച്ചവടക്കാർ സമരം തുടങ്ങി.

**ബാലുശ്ശേരി :** വെള്ളം കയറി എടപ്പാടി മുരളി കൃഷ്ണന്റെ വീടിനു മുൻപിൽ നിർത്തിയ സ്കൂട്ടറും കാറും തകരാറിലായി. പറമ്പുകളിൽ കൂട്ടിയിട്ട തേങ്ങകൾ ഒലിച്ചു പോയി.ബാലുശ്ശേരി ന മലയിലകത്തൂട്ട് ക്വാറിയിൽ നിന്നു വെള്ളം കുത്തിയൊലിച്ച് എത്തിയത് വട്ടോളി ഭാഗത്ത് ദുരിതം വിതച്ചു. ഈ ഭാഗത്തെ ഒട്ടേറെ സ്ഥലങ്ങൾ വെള്ളക്കെട്ടിലായി.

ചെറുവാടൻകണ്ടി ഷൈല, സുനിൽ, മാട്ടാക്കണ്ടി ലാലു, ബിജു എന്നിവരുടെ വീടുകളിൽ വെള്ളം കയറി. വട്ടോളി പറമ്പിൽ പത്മനാഭന്റെ മതിൽ തകർന്നു. കോണി പറമ്പിൽ സുധാകരൻ വെള്ളപ്പാച്ചിലിൽ അകപ്പെട്ടു. ബാലുശ്ശേരി വീവേഴ്സ് കോളനി വെള്ളത്തിൽ തുടരുന്നു. ഇവിടെ താമസിക്കുന്നവർക്കായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്യാംപ് ഒരുക്കിയത് ആശ്വാസമായി. പഞ്ചായത്ത് പ്രസിഡന്റ് രൂപലേഖ കൊമ്പിലാട്, വൈസ് പ്രസിഡന്റ് അസ്സയിനാർ എമ്മച്ചംകണ്ടി, വാർഡ് മെംബർ യു.കെ.വിജയൻ എന്നിവർ നേതൃത്വം നൽകി.

### ദേശീയപാതയിൽ മരം വീണു

കൊയിലാണ്ടി : കനത്ത മഴയിൽ മരം പൊട്ടി വീണ് ദേശീയപാതയിൽ ഗതാഗതം തടസ്സപ്പെട്ടു. കൊല്ലം ചിറയ്ക്ക് സമീപം ഹോട്ടലിനു മുൻപിലാണു മരം റോഡിലേക്ക് വീണത്. കൊയിലാണ്ടിയിൽ നിന്ന് അഗ്നിരക്ഷാസേന എത്തി മരം മുറിച്ച് നീക്കി. ഗ്രേഡ് എഎസ്ടിഒ എം.മജീദിന്റെ നേതൃത്വത്തിൽ ഫയർ ആൻഡ് റെസ്ക്യൂ ഓഫിസർമാരായ പി.കെ.ഇർഷാദ്, ഇ.എം.നിധി പ്രസാദ്, ബബീഷ്, കെ.പി.റഷീദ്, ഹോം ഗാർഡ് പ്രദീപ എന്നിവർ രക്ഷാ പ്രവർത്തനം നടത്തി.മേപ്പയൂർന്മ കാറ്റിൽ മരം വൈദ്യുതി ലൈനിൽ വീണ് ഗതാഗതം സ്തംഭിച്ചു. വിളയാട്ടൂർ ഇല്ലത്ത് മീത്തൽ കണ്ടം ചിറ റോഡിൽ മാവുള്ളകണ്ടി മുക്കിലാണു മരം വീണത്. 4 വൈദ്യുത തൂണുകൾ നിലംപതിച്ചു. ആളപായമില്ല.

### അർധരാത്രി രക്ഷാപ്രവർത്തനം

നന്മണ്ട പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വീടുകൾ വെള്ളത്തിലായതോടെ രാത്രി തുടങ്ങിയ രക്ഷാപ്രവർത്തനം പുലർച്ചെ വരെ നീണ്ടു. അഞ്ചാം വാർഡിലെ ചെറുകുളം വയൽ ഭാഗത്ത് 11 വീടുകളിൽ വെള്ളം കയറി. ഏഴാം വാർഡിൽ ഒറ്റപ്പെട്ട കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്ത് എത്തിക്കാൻ അഗ്നിരക്ഷാ സേനയും നാട്ടുകാരും രംഗത്തിറങ്ങി. എഴുകുളത്ത് ജനകീയ കൂട്ടായ്മയിലാണ് രക്ഷാ പ്രവർത്തനം ഏകോപിപ്പിച്ചത്. കാഞ്ഞാവിൽ ഭാഗത്തെ 16 കുടുംബങ്ങളെയാണ് സുരക്ഷിത സ്ഥാനത്ത് എത്തിച്ചത്. പനങ്ങാട് കരയത്തൊടി, കോട്ടനട ഭാഗങ്ങളിൽ പുഴ കവിഞ്ഞൊഴുകി രാത്രിയോടെ വീടുകൾ വെള്ളത്തിലായി.

### വാർഡ് മെംബറെ ഭാഗ്യം തുണച്ചു

തലയാട് കക്കയം റോഡിലേക്കു വീണ മരത്തിനു അടിയിൽ പെടാതെ പനങ്ങാട് പഞ്ചായത്ത് മെംബർ രക്ഷപ്പെട്ടത് തലനാരിഴ വ്യത്യാസത്തിൽ. നാലാം വാർഡ് മെംബർ ലാലി രാജു തലേന്നത്തെ മഴയിൽ വാർഡിൽ ഉണ്ടായ കാര്യങ്ങൾ അന്വേഷിച്ചു മടങ്ങി വരുമ്പോൾ 27-ാം മൈലിനു സമീപമാണ് മരം നിലംപൊത്തിയത്. സ്കൂട്ടർ നിർത്തിയതിനു തൊട്ടു മുൻപിലാണ് മരം പതിച്ചത്.

നന്മണ്ട പഞ്ചായത്ത് മുൻ മെംബർ സുശീല പ്രഭാകരന്റെ വീടിന്റെ പിൻവശത്തേക്ക് മതിൽ ഇടിഞ്ഞു വീണു. ബാലുശ്ശേരി പൊന്നരംതെരു പാണൻകണ്ടി രാജന്റെ വീടിന്റെ ചുറ്റുമതിൽ കനത്ത മഴയിൽ തകർന്ന് വീണു.

# കോഴിക്കോട്– കൊട്ടിയൂർ തീർത്ഥയാത്ര പാക്കേജുമായി കെഎസ്ആർടിസി




കൊട്ടിയൂർ വൈശാഖോത്സവം 2024: കൊട്ടിയൂർ വൈശാഖോത്സവത്തിൻറെ നാളുകളാണിത്. 28 ദിവസങ്ങളായി നീണ്ടു നിൽക്കുന്ന കൊട്ടിയൂരുത്സവത്തിൽ പങ്കെടുക്കാൻ നാടും നഗരവും വിശ്വാസികളും ഒരുങ്ങിക്കഴിഞ്ഞു. തകർത്തു പെയ്യുന്ന മഴയെ അവഗണിച്ച് ആയിരക്കണക്കിന് വിശ്വാസികളാണ് ഇനി ഓരോ ദിവസവും ഇവിടേക്ക് എത്തുന്നത്. തീർത്ഥാടകർക്കായി വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോഴിതാ, കൊട്ടിയൂർ ക്ഷേത്രത്തിലേക്ക് പോകാനാഗ്രഹിക്കുന്നവർക്കായി പ്രത്യേക യാത്രകളൊരുക്കുകയാണ് കെഎസ്ആർടിസി. ബജറ്റ് ടൂറിസം സെല്ലിൻറെ നേതൃത്വത്തിൽ കോഴിക്കോട് നിന്നാണ് വൈശാഖോത്സവം സ്പെഷ്യൽ യാത്രകൾ പുറപ്പെടുന്നത്. കൊട്ടിയൂരിലേക്ക് തനിച്ച് പോകാൻ ബുദ്ധിമുട്ടുള്ളവർക്കും കുറഞ്ഞ പാക്കേജിൽ പോയി വരാൻ ആഗ്രഹിക്കുന്നവർക്കും പറ്റിയ ഒരു യാത്രയാണിത്.ദക്ഷിണ കാശി എന്നറിയപ്പെടുന്ന കൊട്ടിയൂരിൽ ഇടവത്തിലെ ചോതി നക്ഷത്രം തൊട്ട്മിഥുനത്തിലെ ചിത്തിര നക്ഷത്രം വരെയുള്ള 28 ദിവസങ്ങളിലാണ് പേരുകേട്ട വൈശാഖോത്സവം നടക്കുന്നത്. ദേവന്മാരുടെ ഉത്സവം, മനുഷ്യരുടെ ഉത്സവം, ഭൂതഗണങ്ങളുടെ ഉത്സവം എന്നിങ്ങനെ മൂന്നു ഉത്സവങ്ങളണ് കൊട്ടിയൂർ ഉത്സവത്തിന്റെ ഭാഗമായി ആചരിക്കുന്നത്.

ഈ സമയത്ത് മാത്രമാണ് അക്കരെ കൊട്ടിയൂരിലേക്ക് വിശ്വസികളെ പ്രവേശിപ്പിക്കുന്നത്. ഈ 28 ദിവസം ഒഴികെയുള്ള വർഷത്തിലെ ബാക്കി ദിവസങ്ങളിൽ ഇക്കരെ കൊട്ടിയൂർ വന്നു പ്രാർത്ഥിച്ചുപോകുവാനേ സാധിക്കുകയുള്ളൂ.മറ്റൊരു ക്ഷേത്രത്തിലും കാണാൻ സാധിക്കാത്ത തരത്തിലുള്ള ചടങ്ങുകളാണ് കൊട്ടിയൂരിൻറെ പ്രത്യേകത. കനത്ത മഴക്കാലത്ത് നടക്കുന്ന ഉത്സവം മഴയാണ് നിയന്ത്രിക്കുന്നതെന്നാണ് വിശ്വസം. ഒരു വർഷവും ഇവിടുത്തെ പൂജകൾ പൂർത്തിയാക്കില്ല. എവിടെ നിർത്തിയോ അവിടുന്നായിരിക്കും പിറ്റേ വർഷം ഉത്സവം തുടങ്ങുക. ദക്ഷയാഗഭൂമിയെന്നും കൊട്ടിയൂർ അറിയപ്പെടുന്നു,

മേയ് 16 വ്യാഴാഴ്ച നടന്ന നീരെഴുന്നള്ളത്ത് ചടങ്ങുകളോടെയാണ് ഈ വർഷത്തെ ഉത്സവത്തിന് തുടക്കമായത്.മേയ് 21 ചൊവ്വാഴ്ചത്തെ നെയ്യാട്ടം കഴിഞ്ഞതോടെ വിശ്വാസികൾക്ക് പ്രവേശനം അനുവദിക്കുക. ഭണ്ഡാരം എഴുന്നള്ളത്ത് കഴിഞ്ഞാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിലേക്ക് പ്രവേശിക്കുവാൻ കഴിയുക. മേയ് 23 മുതൽ ജൂൺ 13 മകം കലം വരവ് ദിവസം വരെയാണ് സ്ത്രീകൾക്ക് പ്രവേശനം ഉണ്ടായിരിക്കുക.

തീർത്ഥാടകർക്കായി മികച്ച സൗകര്യങ്ങൾ കുറ്റമറ്റ രീതിയിൽ ഇവിടെ തയ്യാറാക്കിയിട്ടുണ്ട്.

ഈ വർഷം ഏകദേശം 40 ലക്ഷത്തോളം തീർത്ഥാടകരെയാണ് അധികൃതർ പ്രതീക്ഷിക്കുന്നത്. കഴിഞ്ഞവർഷം 25 ലക്ഷം പേർ എത്തിയെന്നാണ് കണക്ക്. കുടിവെള്ളം, , ഭക്ഷണം, വാഹന പാർക്കിംഗ്, വഴിപാട് സൗകര്യങ്ങൾ എന്നിങ്ങനെയെല്ലാം ഉറപ്പുവരുത്തിയിട്ടുണ്ട്.മേയ് 21 ന് നെയ്യാട്ടം, 22ന് ഭണ്ഡാരം എഴുന്നള്ളത്ത്, 29ന് തിരുവോണം ആരാധന, ഇളനീർവെപ്പ്, 30ന് ഇളനീരാട്ടം, അഷ്ടമി ആരാധന, ജൂൺ 2ന് രേവതി ആരാധന, 6ന് രോഹിണി ആരാധന, 8ന് തിരുവാതിര ചതുശ്ശതം, 9ന് പുണർതം ചതുശ്ശതം, 11ന് ആയില്യം ചതുശതം, 13ന് മകം കലം വരവ്, 16ന് അത്തം ചതുശ്ശതം, വാളാട്ടം കലശപൂജ, 17ന് തൃക്കലശാട്ട് എന്നിങ്ങനെയാണ് ഈ വർഷത്തെ ചടങ്ങുകൾ.

### കോഴിക്കോട്– കൊട്ടിയൂർ പാക്കേജ്

കോഴിക്കോട് നിന്ന് മേയ് 29 ബുധവാഴ്ച, ജൂൺ 2 ഞായറാഴ്ച എന്നീ രണ്ടു തിയതികളിലാണ് കൊട്ടിയൂർ യാത്ര പോകുന്നത്. ഏകദിന യാത്രയ്ക്ക് 720 രൂപയാണ് നിരക്ക്. സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കും. ഫോൺ നമ്പർ- 954477954, 9846100728.

# ഭർത്താവിനൊപ്പം സ്കൂട്ടറിൽ സഞ്ചരിക്കവേ അപകടം; യുവതിക്ക് ദാരുണാന്ത്യം

കോഴിക്കോട്: ഭർത്താവിനൊപ്പം സഞ്ചരിക്കുകായായിരുന്ന യുവതിക്ക് അപകടത്തിൽ ദാരുണാന്ത്യം. വടകര മണിയൂർ സ്വദേശിനി കരുവഞ്ചേരി തോട്ടത്തിൽ താഴെകുനി സെറീന(43) ആണ് മരിച്ചത്. ഭർത്താവ് ബഷീർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു.

പയ്യോളി മുൻസിഫ് മജിസ്ട്രേറ്റ് കോടതിക്ക് സമീപം വൈകീട്ട് അഞ്ചോടെയാണ് അപകടം നടന്നത്. ബഷീറും സെറീനയും കൊയിലാണ്ടി ഭാഗത്തേക്ക് പോവുകയായിരുന്നു.



യാത്രക്കിടയിൽ സ്കൂട്ടറിൽ നിന്ന് റോഡിലേക്ക് തെറിച്ചുവീണ സെറീനയുടെ ദേഹത്തുകൂടി ഇതുവഴി വന്ന ലോറി കയറിയിറങ്ങുകയായിരുന്നു.

സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മുടപ്പിലാവിൽ മൊയ്തീന്റെ മകളാണ്.

ഉമ്മ: കദീശ. മക്കൾ: മുബഷീർ(ഖത്തർ), മിർഷാദ്(റഹ്മാനിയ കോളേജ് വിദ്യാർ ത്ഥി).സഹോദരങ്ങൾ: റിയാസ്, നഫീസ, സെമീറ. ഖബറടക്കം വെള്ളിയാഴ്ച കുന്നത്തുകര ജുമ്മസ്ജിദ് ഖബർസ്ഥാനിൽ.

# ഡെൽനയെ സ്ത്രീധനത്തിനായി പീഡിപ്പിച്ചുവെന്ന് പൊലിസ് റിപ്പോർട്ട്; ഭർത്താവ് റിമാൻഡിൽ

ശ്രീകണ്ഠാപുരം: എലിവിഷം കഴിച്ചു ചികിത്സയിലിരിക്കെ കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ നിന്നും മരിച്ച യുവതി സ്ത്രീധനത്തിന്റെ പേരിൽ അതിക്രൂരമായി ഭർത്താവിൽ നിന്നും ഭർതൃബന്ധുക്കളിൽ നിന്നും പീഢനം അനുഭവിച്ചതായി പൊലിസ് അന്വേഷണ റിപ്പോർട്ട് ഇതേ തുടർന്ന് നവവധു വിഷം ഉള്ളിൽച്ചെന്ന് ചികിത്സയിലിരിക്കെ മരിച്ച സംഭവത്തിൽ അറസ്റ്റിലായ ഭർത്താവിനെയും ഭർതൃമാതാവിനെയും കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഭർതൃവീട്ടിൽനിന്ന് സ്വന്തം വീട്ടിലെത്തിയ ശേഷമാണ് ചാണോക്കുണ്ടിലെ പുത്തൻപുര ബിനോയിയുടെ മകൾ ഡെൽന(23) എലിവിഷം കഴിച്ചു ആത്മഹത്യയ്ക്ക് ശ്രമിച്ചത്. സംഭവത്തിൽ പരിയാരത്തെ കളത്തിൽപമ്പിൽ സനൂപ് ആന്റണി (24), മാതാവ് സോളി ആന്റണി (47) എന്നിവരെയാണ് ആലക്കോട് പൊലിസ് അറസ്റ്റുചെയ്തത്. ഒരാഴ്ച മുൻപാണ് ഡെൽനയെ ഗുരുതരമായ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അതിതീവ്ര പരിചരണ വിഭാഗത്തിൽചികിത്സയിലിരിക്കെശനിയാഴ്ചയായിരുന്നു മരണം സംഭവിച്ചത് ഡെൽനയുടെ മാതാപിതാക്കളുടെ പരാതിയിലാണ് ഭർത്താവിനും വീട്ടുകാർക്കും എതിരെ കേസെടുത്തത്.

# കണ്ണൂരേക്കുള്ള കർണാടക ആർടിസി ബസിൽ പരിശോധന, 21 വയസുള്ള രണ്ട് വിദ്യാർഥികൾ എംഡിഎംഎയുമായി പിടിയിൽ

കണ്ണൂർ: കൂട്ടുപുഴ എക്സൈസ് ചെക്പോസ്റ്റിൽ രണ്ടു വിദ്യാർത്ഥികൾ മയക്കുമരുന്നായ എംഡിഎംഎയുമായി പിടിയിൽ. തളിപ്പറമ്പ് സ്വദേശികളായ അൽത്താഫ് ( 21), ഷമ്മാസ് (21) എന്നിവരാണ് അറസ്റ്റിലായത്. മൈസൂരിൽ നിന്നും കണ്ണൂരിലേക്ക് വരികയായിരുന്ന കർണാടക സ്റ്റേറ്റിന്റെ ബസ്സിൽ നിന്നാണ് 9.2 ഗ്രാം എംഡിഎംഎ സഹിതം ഇവരെ പിടികൂടിയത്. എക്സൈസ് ഇൻസ്പെക്ടർ മുഹമ്മദ് ഷഫീക്കിന്റെ നേതൃത്വത്തിൽ ഗ്രേഡ് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായ നിസർ ഒ, അഷ്റഫ് മലപ്പട്ടം, രത്നാകരൻ കെ, ഷാജി കെ കെ, ഗ്രേഡ് പ്രിവന്റീവ് ഓഫീസർമാരായ പ്രദീപ്കുമാർ, ഹരികൃഷ്ണൻ, സിവിൽ എക്സൈസ് ഓഫീസറായ മജീദ് കെ എ, കലേഷ് എം, സിഇഒ ഡ്രൈവർ ജുനിഷ് കുമാർ എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.അതേസമയം, കൊച്ചിയിൽ ഓൺലൈൻ ടാക്സിയുടെ മറവിൽ മയക്കുമരുന്ന് വിൽപ്പന നടത്തിയിരുന്ന സംഘം എക്സൈസ് പിടിയിലായി. ഇവരുടെ പക്കൽ നിന്ന് 12 ഗ്രാം എംഡിഎംഎ,15 ഗ്രാം കഞ്ചാവ് എന്നിവ കണ്ടെടുത്തു. മയക്കുമരുന്ന് ഇടപാടിന് ഉപയോഗിച്ചിരുന്ന കാർ, മൂന്ന് സ്മാർട്ട് ഫോണുകൾ എന്നിവയും എക്സൈസ് കസ്റ്റഡിയിൽ എടുത്തു. കൊച്ചി കണ്ണമാലി സ്വദേശി 'തീപ്പൊരി' എന്ന് വിളിക്കുന്ന ആൽഡ്രിൻ ജോസഫ് , മട്ടാഞ്ചേരി പറവാനമുക്ക് സ്വദേശി സാബു ജെ ആർ, മട്ടാഞ്ചേരി കപ്പലണ്ടി മുക്ക് സ്വദേശി പി എൻ നാസിഫ് എന്നിവരാണ് സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ്, എക്സൈസ് ഇന്റലിജൻസ്, എണാകുളം ടൗൺ നോർത്ത് എക്സൈസ് സർക്കിൾ എന്നിവരുടെ സംയുക്ത നീക്കത്തിൽ പിടിയിലായത്. രണ്ട് മാസം മുൻപ് ഓൺലൈൻ ടാക്സിയുടെ മറവിൽ രാസലഹരി വിൽപ്പന നടത്തുന്ന രണ്ട് പേരെ കൊച്ചി എളമക്കര ഭാഗത്ത് നിന്ന് സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് ടീം പിടി കൂടിയിരുന്നു. ഇവരെ ചോദ്യം ചെയ്തതിൽ നിന്നാണ് ടാക്സി കാറുകളിൽ കറങ്ങി നടന്ന് മയക്കുമരുന്ന് വിൽപ്പന നടത്തുന്ന 'തീപ്പൊരി'യെ ക്കുറിച്ചു വിവരം ലഭിക്കുന്നത്. തീപ്പൊരി എന്ന കോഡ് നെയിം മാത്രമേ അന്ന് എക്സൈസ് സംഘത്തിന് ലഭിരുന്നുള്ളൂ. ഇയാളുടെ യഥാർത്ഥ പേരോ മറ്റ് വിവരങ്ങളോ ലഭ്യമായിരുന്നില്ല. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ജി കൃഷ്ണകുമാറിൻറെ മേൽനോട്ടത്തിൽ തീപ്പൊരിയുടെയും സംഘത്തിൻറെയും എന്ന് കരുതിയിരുന്ന ഫോൺ നമ്പറുകൾ, ഫോൺ കോൾ വിവരങ്ങൾ, എന്നിവ സൂക്ഷ്മമായി പരിശോധന നടത്തുകയും, സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയും ചെയ്തിരുന്നു.

# മാലിന്യങ്ങൾ ഒഴുകിയെത്തുന്നത് റോഡിലേക്ക്; പകർച്ചവ്യാധി ഭീഷണിയും

കണ്ണൂർ കൻറോൺമെൻറിലെ മാലിന്യസംസ്കരണ കേന്ദ്രം ഉയർത്തുന്നത് പകർച്ച വ്യാധി ഭീഷണിയാണ്.

മാലിന്യങ്ങൾ കുന്നുകൂടി, വഴിനടക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഏക്കർ കണക്കിന് ഭൂമിയിലാണ് മാലിന്യം നിറഞ്ഞ് കിടക്കുന്നത്.

കണ്ണൂർ ജില്ല ആശുപത്രിക്കും പുതിയ ബസ് സ്റ്റാന്റിനും ഇടയിലുള്ള മാലിന്യ സംഭരണ കേന്ദ്രമാണിത്. പ്രതിരോധ വകുപിന് കീഴിലുള്ള കണ്ണൂർ കന്റോൺമെന്റിനാണ് നിയന്ത്രണം. ഇവിടം ഇന്ന് ഉയർത്തുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാണ്. മാലിന്യങ്ങൾ അഴുകി കറുത്ത നിറത്തിൽ വെള്ളം ഒഴുകി റോഡിൽ എത്തി.

ദുർഗന്ധം വമിക്കുന്നതിനാൽ വലയുകയാണ് പ്രദേശ വാസികൾ. ജില്ലാ ആശുപത്രിയിൽ നിന്നും കന്റോൺമെന്റ് പരിസരത്തെ വീടുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളാണ് ഈ കുന്നു കൂടി കിടക്കുന്നത്.

ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്റ്റിക്കും കൂടി കലർന്ന് കിടക്കുന്നതിനാൽ കൻറോൺമെൻറ് ജീവനക്കാർക്കും മാലിന്യങ്ങൾ വേർതിരിക്കാനാവുന്നില്ല.

കോർപറേഷനും ജില്ലയിലെ നഗര സഭകളും മാലിന്യ സംസ്കരണത്തിന് മാതൃകയാകുമ്പോൾ ഇവിടം ഇങ്ങനെ പഴുത്ത് നാറുന്നത്.മഴ കനത്തതോടെ ദുരിതം ഇരട്ടിയാവുകയാണ്.

# പുസ്തക ചർച്ച നടത്തി

അശോകൻ ചേമഞ്ചേരി രചിച്ച പോർളാതിരി കോഴിക്കോടിന്റെ ആദ്യ രാജാവ് - എന്ന കൃതിയേപ്പറ്റി , കോഴിക്കോട് പ്രാദേശിക ചരിത്ര പഠന സമതി ചർച്ച സംഘടിപ്പിച്ചു. കോഴിക്കോടിന്റെയും വടകരയുടെയും ആയിരം വർഷം മുമ്പുള്ള ചരിത്രം കേൾക്കാൻ ധാരാളം പേർ ഐ.വൈ.സി. ഹാളിൽ ഒത്തുകൂടി . സദസിലും വേദിയിലുമായി പ്രമുഖർ പങ്കെടുത്ത പരിപാടി ഉദ്ഘാടനം ചെയ്തത് കോഴിക്കോട് ജില്ലാ ജഡ്ജി കൃഷ്ണൻ കുട്ടി . കെ.കെ. (റിട്ട) ആയിരുന്നു. പ്രസിഡണ്ട് രാജൻ . ടി.വി.യുടെ അദ്ധ്യക്ഷത വഹിച്ചു. ഡോ. ടി.മുഹമ്മദലി (ജനറൽ സെക്രട്ടറി, കേരള ഹിസ്റ്ററി കോൺഗ്രസ് )പുസ്തകം അവതരിപ്പിച്ചു. ഡോ.എം.സി. വസിഷ്ഠ ( ചരിത്ര വിഭാഗം മുൻ മേധാവി , മലബാർ കൃസ്ത്യൻ കോളേജ് കോഴിക്കോട്) ചർച്ച തുടങ്ങി വെച്ചു.എ.ടി. അബ്ദുള്ളക്കോയ (മുൻ ഡെ: മേയർ കോഴിക്കോട്), വി.പി. മനോജ് (കൗൺസിലർ കോഴിക്കോട് കോർപ്പറേഷൻ ), കെ.ശ്രീനിവാസൻ . പു.ക.സ. കോഴിക്കോട് ജില്ലാ കമ്മറി മെമ്പർ ,പി.എം. ശ്യാമളമായനാട് (ഗ്രന്ഥത്തെപ്പറ്റി സ്വയം രചിച്ച കവിത പാടി) ചരിത്രകാരൻ സുനിൽ പൊറ്റക്കാട്, വി.ബാലൻ, സി. അശോകൻ മാസ്റ്റർ (പോലൂർ ) തുടങ്ങിയവർ സംസാരിച്ചു. ഗ്രന്ഥകാരൻ അശോകൻ ചേമഞ്ചേരി മറുമൊഴിയും ആലിക്കോയ മാസ്റ്റർ കൃതജ്ഞതയും രേഖപ്പെടുത്തി.



# മെക്സിക്കോയിൽ തെരഞ്ഞെടുപ്പ് റാലിക്കിടെ സ്റ്റേജ് തകർന്ന് 9 മരണം, 54 പേർക്ക് പരിക്ക്

മെക്സിക്കോ സിറ്റി: മെക്സിക്കോയിൽ തെരഞ്ഞെടുപ്പ് റാലിക്കിടെ സ്റ്റേജ് തകർന്ന് ഒരു കുട്ടിയുൾപ്പെടെ 9 പേർ മരിച്ചു. 54 പേർക്ക് പരിക്കേറ്റു. പ്രസിഡൻറ് സ്ഥാനാർഥി ജോർജ്ജ് അൽവാരസ് മെയ്നെസിൻറെ റാലിക്കിടെയാണ് അപകടമുണ്ടായത്. ശക്തമായ കാറ്റ് വീശിയതാണ് അപകടത്തിന് കാരണമായത്.

വടക്കുകിഴക്കൻ നഗരമായ സാൻ പെഡ്രോ ഗാർസ ഗാർസിയയിലാണ് സംഭവം. തനിക്ക് പരിക്കേറ്റിട്ടില്ലെന്ന് ജോർജ് അൽവാരസ് പറഞ്ഞു.

54 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും തകർന്ന സ്റ്റേജിനടിയിൽ കുടുങ്ങിയവരെ രക്ഷിക്കാനുള്ള രക്ഷാപ്രവർത്തനം തുടരുകയാണെന്നും മെക്സിക്കോയിലെ ന്യൂവോ ലിയോൺ സംസ്ഥാന ഗവർണർ അറിയിച്ചു. പരിക്കേറ്റവരിൽ ചിലരുടെ നില തൃപ്തികരമാണെന്നും മറ്റുള്ളവരെ ശസ്ത്രക്രിയക്ക് വിധേയമാക്കിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപകടത്തിൻറെ ദൃശ്യങ്ങൾ സോഷ്യൽമീഡിയയിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. ഒരു വലിയ വീഡിയോ സ്ക്രീൻ ഉൾപ്പെടുന്ന ഒരുഭാഗം വേദിയിലേക്കും ആളുകളുടെ ഭാഗത്തേക്ക് വീഴുന്നതും അൽവാരസും സംഘവും ജീവരക്ഷാർഥം ഓടുന്നതും വീഡിയോയിൽ കാണാം.

ശക്തമായ കാറ്റുണ്ടാകുമെന്ന് മെക്സിക്കോയുടെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പ്രവചിച്ചിരുന്നു. ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം മണിക്കൂറിൽ 70 കിലോമീറ്റർ (മണിക്കൂറിൽ 43 മൈൽ) വരെ വേഗതയിൽ കാറ്റ് വീശുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു.

അപകടത്തെ തുടർന്ന് എല്ലാ പ്രചാരണ പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തിവയ്ക്കുകയാണെന്നും എന്നാൽ സ്ഥിതിഗതികൾ നിരീക്ഷിക്കാൻ സംസ്ഥാനത്ത് തുടരുമെന്നും അൽവാരസ് മെയ്നെസ് പിന്നീട് വ്യക്തമാക്കി. കൂടുതൽ ശക്തമായ കാറ്റിനും ഇടിമിന്നലിനും മഴയ്ക്കും സാധ്യതയുള്ളതിനാൽ ജനങ്ങൾ വീടിനുള്ളിൽ തന്നെ തുടരാൻ ഗവർണർ ഗാർസിയ അഭ്യർഥിച്ചു.

മെക്സിക്കോ ചരിത്രത്തിലെ ഏറ്റവും വലിയ തെരഞ്ഞെടുപ്പിലേക്ക് നീങ്ങുകയാണ്. ജൂൺ 2നാണ് തെരഞ്ഞെടുപ്പ്. അതിനിടെ രാഷ്ട്രീയ അക്രമങ്ങളും കൊലപാതകങ്ങളും മെക്സിക്കോയിൽ വർധിച്ചിട്ടുണ്ട്.

ഈ വർഷം ഇതുവരെ, കുറഞ്ഞത് 28 സ്ഥാനാർഥികൾ ആക്രമിക്കപ്പെട്ടു, 16 പേർ കൊല്ലപ്പെട്ടു.

# മ്യാന്മറിൽ വീണ്ടും റോഹിങ്ക്യൻ മുസ്‌ലിം വംശഹത്യയുമായി സൈന്യം; ബുത്തിഡൗങ് നഗരത്തിന് തീയിട്ടു



നയ്പിഡോ:മ്യാന്മറിൽ റോഹിങ്ക്യൻ മുസ്‌ലിംകൾക്കെതിരെ വീണ്ടും വംശഹത്യാശ്രമവുമായി സൈന്യം.രണ്ടുലക്ഷത്തോളം റോഹിങ്കിയൻ ജനത തിങ്ങിപ്പാർക്കുന്ന ബുത്തിഡൗങ് നഗരം പൂർണ്ണമായും സൈന്യം കത്തിച്ചു. സൈനികാതിക്രമത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന് പോലും പുറംലോകത്തിന് ഇനിയും അറിയാൻ കഴിഞ്ഞിട്ടില്ല.നഗരം പൂർണമായും അടച്ച് സൈന്യം നഗരത്തിൽ നിന്ന് പുറത്തുപോവാനുള്ള പാലത്തിന് തീയിടുകയും ചെയ്തു.തീഗോളമായി മാറിയ നഗരത്തിൽ നിന്ന് ഏകദേശം 200,000 ആളുകൾ വീടുവിട്ട് പലായനം ചെയ്തിട്ടുണ്ട്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി ആളുകൾ ഭക്ഷണമോ മരുന്നുകളോ അവശ്യ സാധനങ്ങളോ ഇല്ലാതെ പാടങ്ങളിലും പറമ്പുകളിലും ഒളിച്ചിരിക്കുകയാണെന്നും റോഹിങ്ക്യൻ അവകാശ പ്രവർത്തരെ ഉദ്ധരിച്ച് അന്താരാഷ്ട്ര മാധ്യമങ്ങൾ റി??പ്പോർട്ട് ചെയ്യുന്നു. അതേ സമയം സൈനികക്രമണത്തിൽ കൊല്ലപ്പെട്ടവരുടെഎണ്ണം ഇനിയും സ്ഥിരീകരിച്ചിട്ടില്ല.

നഗരത്തിൽ നിന്ന് ഒരാളെ പോലും രക്ഷപ്പെടാനും സൈന്യം അനുവദിക്കുന്നില്ല.സൈന്യത്തിന്റെ പൂർണ നിയന്ത്രണത്തിലായ പ്രദേശത്ത് നിന്ന് ഒരു വിവരവും പുറംലോകമെത്താതിരിക്കാനുള്ള നടപടികളും സൈന്യം സ്വീകരിച്ചിട്ടുണ്ട്.ഇന്റർനെറ്റ്, ടെലഫോൺ സംവിധാനങ്ങൾ പൂർണമായും റദ്ദാക്കിയിരിക്കുകയാണ്. ബംഗ്ലാദേശ് അതിർത്തിയോട് ചേർന്ന പടിഞ്ഞാറൻ സംസ്ഥാനമായ റാഖൈനിലെ ബുത്തിഡൗങ് നഗരത്തിലാണ് സൈന്യത്തിന്റെ നരനായാട്ട്.സൈനികർ റോഹിങ്ക്യകളുടെ വീടുകൾ കത്തിക്കുകയും കൊള്ളയടിക്കുകയും ചെയ്തു. ആളുകളെ രക്ഷപ്പെടാൻ പോലും അനുവദിക്കുന്നില്ലെന്നും റിപ്പോർട്ടുകളുണ്ട്. ഫോണുകൾ പിടിച്ചെടുത്തു.മറ്റിടങ്ങളിലുള്ള ബന്ധുക്കളുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നവരെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായും അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

കമ്യൂണിക്കേഷൻ സംവിധാനങ്ങൾ പൂർണമായും റദ്ദാക്കിയതോടെ ബന്ധുക്കൾക്ക് കുടുംബാംഗങ്ങളുമായി സംസാരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇതിനൊപ്പം അവടെ എന്താണ് സംഭവിക്കുന്നതെന്ന് മാധ്യമപ്രവർത്തകർക്കും ആക്റ്റിവിസ്റ്റുകൾക്കും അന്താരാഷ്ട്ര നിരീക്ഷണ ഗ്രൂപ്പുകൾക്കും കൃത്യമായി പരിശോധിക്കാനും കഴിയാത്തത് പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്.സൈന്യത്തിന്റെ നരനായാട്ടിനിരയായ ജനങ്ങൾ നരകയാതന അനുഭവിക്കുകയാണെന്നാണ് പുറത്തുവന്ന വിവരങ്ങൾ വ്യക്തമാക്കുന്നത്.ഭക്ഷണവും വെള്ളവും ലഭിക്കുന്നില്ലെന്ന വിവരങ്ങൾ പുറത്തുവരുന്നില്ല. തന്റെ കുടുംബാംഗങ്ങളിൽ ഭൂരിഭാഗവും ഇപ്പോഴും ബുത്തിഡൗങിലാണെന്നും എന്നാൽ ശനിയാഴ്ച മുതൽ അവരുമായി ബന്ധപ്പെടാൻ സാധിച്ചിട്ടില്ലെന്നും, ബംഗ്ലാദേശിൽ അഭയാർത്ഥിയായി താമസിക്കുന്ന റോഹിങ്ക്യൻ കവി ഫാറൂഖ് സിഎൻഎന്നിനോട് പറഞ്ഞു. കുടുംബം നാടുവിട്ടുപോയെന്നും എന്റെ വീട് സൈന്യം കത്തിച്ചുവെന്നും ബന്ധു പിന്നീട് തന്നെ അറിയിച്ചതായി അദ്ദേഹം പറഞ്ഞു.

പ്രദേശത്തിന്റെ സാറ്റലൈറ്റ് ചിത്രങ്ങൾ പരിശോധിച്ച അന്താരാഷ്ട്ര മാധ്യമങ്ങൾ നഗരത്തെ വൻ തീപിടുത്തം വിഴുങ്ങിയതായും തീ ഇനിയും കെട്ടിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തു.

രാജ്യത്തെ റോഹിങ്ക്യകൾക്കെതിരെ സൈന്യം വളരെക്കാലമായി തുടരുന്ന അതിക്രമങ്ങളുടെയും നിർബന്ധിത കുടിയിറക്കലിന്റെയും തുടർച്ചയാണ് പുതിയ സംഭവ വികാസങ്ങൾ.കനത്ത ആക്രമണമാണ് സാധാരണക്കാർക്ക് നേരെ സൈന്യം അഴിച്ചുവിടുന്നുവെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.2021 ഫെബ്രുവരിയിൽ അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുത്തതു മുതൽ സൈന്യം വ്യാപകമായ ആഭ്യന്തര യുദ്ധം നടത്തിവരികയാണ്.

# പന്തീരാങ്കാവ് സ്ത്രീധന പീഡനകേസ് യുവതിയുടെ രഹസ്യ മൊഴിയെടുത്തു; അന്വേഷണത്തിൽ പൂർണ തൃപ്തിയെന്ന് കുടുംബം

കോഴിക്കോട്: പന്തീരാങ്കാവ് സ്ത്രീധന പീഡനകേസിൽ പൊലീസ് അന്വേഷണത്തിൽ പൂർണ തൃപ്തിയെന്ന് യുവതിയുടെ കുടുംബം. രാഹുൽ നടത്തിയത് വിവാഹ തട്ടിപ്പും സ്ത്രീധന പീഡനവുമെന്ന പരാതിയിൽ ഉറച്ച് നിൽക്കുന്നതായും യുവതിയുടെ അച്ഛൻ പറഞ്ഞു. കേസിൽ പരാതിക്കാരിയുടെ രഹസ്യ മൊഴി രേഖപ്പെടുത്തി. സ്ത്രീധന പീഡനക്കേസിൽ പ്രതി രാഹുലുമായി ഒത്ത് തീർപ്പിന് തയ്യാറല്ലെന്നും നേരത്തെ ഉന്നയിച്ച പരാതിയിൽ ഉറച്ചു നിൽക്കുന്നതായും യുവതിയുടെ കുടുംബം വ്യക്തമാക്കി. കേസിൽ പൊലീസ് അന്വേഷണം ശരിയായ ദിശയിലാണ്, നീതി ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും യുവതിയുടെ പിതാവ് പറഞ്ഞു.

കേസിൽ യുവതിയുടെ രഹസ്യ മൊഴി മജിസ്ട്രേറ്റ് രേഖപ്പെടുത്തി. കോഴിക്കോട്ടെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ എത്തിയാണ് പരാതിക്കാരി രഹസ്യ മൊഴി നൽകിയത്. അന്വേഷണ സംഘം ആവശ്യപ്പെട്ട പ്രകാരമാണ് യുവതിയുടെ രഹസ്യ മൊഴി രേഖപ്പെടുത്തിയത്. പൊലീസ് കേസ് എടുതത്തോടെ വിദേശത്തേക്ക് കടന്ന പ്രതി രാഹുൽ പി.ഗോപാലിനെ നാട്ടിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളും അന്വേഷണ സംഘം തുടരുകയാണ്.



## എഎംഎഐ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം ആയുർവേദ 'മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എഎംഎഐ) പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഭിഷക്രത്ന പുരസ്കാരത്തി ന് (30, 000 രൂപ) പത്തനംതിട്ട ഓമല്ലൂർ വേദ നഴ്സിങ് ഹോം ഫിസിഷ്യൻ ഷ്യൻ ഡോ.റാം മോഹൻ അർഹനായി. ഭിഷക് പ്രവീൺ പുര സ്കാരം (25,000 രൂപ) കോഴിക്കോട് ചെല വൂർ ശാഫി ദവാഖാനയിലെ മർമ്മ രോഗ വിദഗ്ധൻ ഡോ.സഹീർ അലിക്ക് ലഭിച്ചു.




# സ്ത്രീ ധനത്തിന്നെതിരെ എ ഐ വൈ എഫ് ജനജാഗ്രതാ സദസ്സ്

സ്ത്രീധനത്തിനെതിരെയും സ്ത്രീധന പീഡനങ്ങൾക്കുമെതിരെ എ ഐ വൈ എഫ് കോഴിക്കോട് നഗരത്തിൽ ജനജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു.സാഹിത്യകാരിയും സാമൂഹ്യ പ്രവർത്തകയുമായ ഡോ.ഖദീജ മുംതാസ് ഉദ്ഘാടനം ചെയ്തു.

എ ഐ വൈ എഫ് സംസ്ഥാന സെക്രട്ടറി ടി ടി ജിസ്മോൻ, പ്രസിഡന്റ് എൻ അരുൺ, സി പി ഐ ജില്ല അസിസ്റ്റന്റ് സെക്രട്ടറി പി ഗവാസ്, അഡ്വക്കേറ്റ് കെ പി ബിനൂപ് തുടങ്ങിയവർ സംസാരിച്ചു.

സ്ത്രീധനപീഠനത്തിനെതിരെ എ ഐ വൈ എഫ് നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ജാഗ്രതാ സെല്ലുകൾ രൂപീകരിക്കുമെന്ന് നേതാക്കൾ അറിയിച്ചു..



# പാപുവ ന്യൂ ഗിനിയയിൽ മണ്ണിടിച്ചിൽ; 100 പേർ മരിച്ചു, മരണസംഖ്യ ഉയർന്നേക്കുമെന്ന് റിപ്പോർട്ട്

പോർട്ട് മോർസ്ബി: പാപുവ ന്യൂ ഗിനിയയിലുണ്ടായ മണ്ണിടിച്ചിലിൽ 100ലധികം പേർ മരിച്ചതായി റിപ്പോർട്ട്. വെള്ളിയാഴ്ച പുലർച്ചെ ആളുകൾ ഉറങ്ങുമ്പോഴാണ് അപകടമുണ്ടായതെന്ന് ഓസ്ട്രേലിയൻ ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ റിപ്പോർട്ട് ചെയ്യുന്നു. വടക്കൻ പാപുവ ന്യൂ ഗിനിയയിലെ എങ്ക പ്രവിശ്യയിലെ കാക്കളം ഗ്രാമത്തിലാണ് മണ്ണിടിച്ചിലുണ്ടായത്.

തെക്കൻ പസഫിക് ദ്വീപ് രാഷ്ട്രത്തിന്റെ തലസ്ഥാനമായ പോർട്ട് മോറെസ്ബിയിൽ നിന്ന് ഏകദേശം 600 കിലോമീറ്റർ (370 മൈൽ) വടക്ക് പടിഞ്ഞാറ്, പ്രാദേശിക സമയം പുലർച്ചെ 3 മണിയോടെ എങ്കാ പ്രവിശ്യയിലെ കാക്കളം വില്ലേജിലാണ് മണ്ണിടിച്ചിൽ ഉണ്ടായതെന്ന് എബിസി റിപ്പോർട്ടിൽ പറയുന്നു. എത്ര പേർ മരിച്ചുവെന്ന് അധികൃതർ സ്ഥിരീകരിച്ചിട്ടില്ലെങ്കിലും മരണസംഖ്യ 100ന് മുകളിലാണെന്നാണ് നിലവിലെ കണക്ക്. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്ന് ഗ്രാമവാസികൾ പറഞ്ഞു. മണ്ണിനടിയിൽ പെട്ട മൃതദേഹങ്ങൾ നാട്ടുകാർ പുറത്തെടുക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

വലിയ പാറക്കല്ലുകളും മരങ്ങളും തകർന്ന കെട്ടിടാവശിഷ്ടങ്ങളും കൊണ്ട് പ്രദേശം നിറഞ്ഞിരിക്കുകയാണെന്നും രക്ഷാപ്രവർത്തനം ദുഷ്കരമാണെന്നും ഒരു ഗ്രാമവാസി പറഞ്ഞു. 'ആളുകൾ അതിരാവിലെ ഉറങ്ങിക്കിടക്കുമ്പോഴാണ് ഇത് സംഭവിച്ചത്, ഗ്രാമം മുഴുവൻ താഴേക്ക് പോയി.

100-ലധികം ആളുകൾ മണ്ണിനടിയിലാണ്" പോർഗെര വിമൻ ഇൻ ബിസിനസ് അസോസിയേഷൻ പ്രസിഡൻറ് എലിസബത്ത് ലാറുമ പറഞ്ഞു.

# അതിഥി തൊഴിലാളികളുടെ പേരിലും ജി.എസ്.ടി തട്ടിപ്പ്

തിരുവനന്തപുരം: തൊഴിൽ നൽകാമെന്ന പേരിൽ അതിഥി തൊഴിലാളികളുടെ രേഖകൾ വാങ്ങിയും സംസ്ഥാനത്ത് ജി.എസ്.ടി തട്ടിപ്പ് നടത്തിയതായി കണ്ടെത്തൽ. ആക്രി വ്യാപാരത്തിനാണ് വ്യാജ രജിസ്ട്രേഷനുകൾ ഉപയോഗപ്പെടുത്തിയത്. ജി.എസ്.ടി വകുപ്പ് നടത്തിയ 'ഓപറേഷൻ പാം ട്രീ' എന്ന പേരിലുള്ള പരിശോധനയിലാണ് 209 കോടി രൂപയുടെ ജി.എസ്.ടി വെട്ടിപ്പ് കണ്ടെത്തിയത്.

ആക്രി വ്യാപാര മേഖലയിൽ ഇന്ന് സംസ്ഥാനത്തുടനീളം ജി.എസ്.ടി വകുപ്പ് രാവിലെ മുതൽ പരിശോധന നടത്തിയിരുന്നു. ഏഴ് ജില്ലകളിലായി 150 കേന്ദ്രങ്ങളിലാണു പരിശോധന നടന്നത്. 300ഓളം ഉദ്യോഗസ്ഥർ ഭാഗമായ ഓപറേഷനിൽ 1,170 കോടി രൂപയുടെ ഇടപാട് നടന്നതായി കണ്ടെത്തി. അനധികൃതമായ രജിസ്ട്രേഷനിലൂടെ 209 കോടി രൂപയുടെ വെട്ടിപ്പാണു നടന്നത്.

# ഡൽഹിയിലെ 5 കോളജുകൾക്ക് ബോംബ് ഭീഷണി

ന്യൂഡൽഹി: ഡൽഹിയിലെ കോളജുകൾക്ക് വീണ്ടും ബോംബ് ഭീഷണി. അഞ്ച് കോളജുകൾക്കാണ് ബോംബ് ഭീഷണി സന്ദേശം ലഭിച്ചത്. ലേഡി ശ്രീറാം കോളേജ്, ഹൻസ്രാജ് കോളേജ്, രാംജാസ് കോളേജ്, ശ്രീ വെങ്കിടേശ്വര കോളേജ്, ഐപ1 കോളേജ് എന്നിവയുൾപ്പെടെ ഡൽഹിയിലെ ഒന്നിലധികം കോളേജുകൾക്കാണ് ബോംബ് ഭീഷണി ലഭിച്ചത്. ഇമെയിൽ വഴിയാണ് ബോംബ് ഭീഷണി ലഭിച്ചതെന്ന് ഡൽഹി പൊലീസ് പറഞ്ഞു.

വ്യാജ ബോംബ് ഭീഷണിയാണെന്നും പരിഭ്രാന്തരാകരുതെന്നും പൊലീസ് ജനങ്ങളോട് ആവശ്യപ്പെട്ടു. എൽഎസ്ആർ കോളേജിൽ നിന്നാണ് ആദ്യം ബോംബ് ഭീഷണിയെക്കുറിച്ച് ഡൽഹി ഫയർ സർവീസി?ലേക്ക് ആദ്യം വിളി വന്നത്. ലോക്കൽ പൊലീസും ബോംബ് ഡിറ്റക്ഷൻ ടീമും ബോംബ് നിർവീര്യമാക്കുന്ന സ്ക്വാഡും ഡോഗ് സ്ക്വാഡിനൊപ്പം എൽഎസ്ആർ കോളേജിലെത്തി. ഇവർ തിരച്ചിൽ നടത്തിയെങ്കിലും സംശയകരമായി ഒന്നും കണ്ടെത്താനായില്ല.

കഴിഞ്ഞ ദിവസവും കോളജുകൾക്ക് ഭീഷണി സന്ദേശം ലഭിച്ചിരുന്നു.




# ലഖിംപൂർ കൂട്ടക്കൊലക്കേസ്: 'കേന്ദ്രമന്ത്രിയുടെ മകൻ ജാമ്യ വ്യവസ്ഥകൾ ലംഘിച്ചു' ; കൊല്ലപ്പെട്ടവരുടെ കുടുംബം

ലഖ്നൗ: ഉത്തർപ്രദേശിലെ ലഖിംപൂർ ഖേരിയിൽ കർഷകരെ കൂട്ടക്കൊല ചെയ്ത കേസിലെ പ്രതിയായ കേന്ദ്ര മന്ത്രിയുടെ മകൻ ജാമ്യവ്യവസ്ഥകൾ ലംഘിച്ചെന്ന വെളിപ്പെടുത്തലുമായി കൊല്ലപ്പെട്ടവരുടെ കുടുംബം. യുപിയിൽ പ്രവേശിക്കാൻ പാടില്ലെന്ന സുപ്രിംകോടതി വ്യവസ്ഥ ലംഘിച്ചാണ് കേന്ദ്രമന്ത്രി അജയ് മിശ്രയുടെ മകൻ ആശിഷ് മിശ്ര സംസ്ഥാനത്ത് നിരന്തരം താമസിക്കുകയും പൊതുപരിപാടികളിൽ പങ്കെടുക്കുകയും ചെയ്യുന്നത്. അജയ് മിശ്രക്ക് വീണ്ടും മത്സരിക്കാൻ അവസരം നൽകിയത് തങ്ങളോടുള്ള വെല്ലുവിളിയാണെന്നും കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾ പറഞ്ഞു

കേസിന്റെ വിചാരണ മന്ദഗതിയിലാണെന്ന് കൊല്ലപ്പെട്ട മാധ്യമപ്രവർത്തകൻ രമൺ കശ്യപിന്റെ സഹോദരൻ പവൻ കശ്യപ പറഞ്ഞു.

## ഇന്നത്തെ ഗാന്ധി ചിന്ത

### ജീവിതം സമഗ്രമാണ് –



കെപി മനോജ് മാസ്റ്റർ

മഹാത്മജി തന്റെ വളരെ അടുത്ത സുഹൃത്തായ കല്ലൻ ബാക്കിന് വളരെ മനോഹരവും ഉള്ളിൽ തട്ടുന്നതുമായ ഒരു കത്തെഴുതുകയുണ്ടായി. 'ഞാനിന്നലെ മരങ്ങൾ നോക്കി മൂളിപ്പാട്ടും പാടി നടക്കുമ്പോൾ, ആ ഭീമാകാരങ്ങളായ മരങ്ങൾക്ക് നിത്യേന സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തിനിടയിലും, എന്തോ ഒന്ന് അവിടെ നിൽക്കുന്നതായി ഞാൻ കണ്ടു. ഓരോ ഇലയ്ക്കും അതിന്റേതു മാത്രമായ വ്യത്യസ്ത ജീവിതമുണ്ട്. അത് താഴെ വീഴുന്നു ;ഇല്ലാതാവുന്നു. പക്ഷേമരം പിന്നെയും ജീവിക്കുന്നു. കാലഗതിയിലോ ഏതെങ്കിലും ക്രൂരമായ മഴുവന്നിരയായോ ഓരോ മരവും വീണുപോകുന്നു .എന്നാൽ ആ മരം ഏതുകാടിന്റെ ഭാഗമായിരുന്നോ ആ കാട് ജീവിക്കുന്നു .അതു പോലെ തന്നെയാണ് മനുഷ്യ വൃക്ഷത്തിന്റെ ഇലകളായ നമ്മളും .നാമില്ലാതായേക്കാം, പക്ഷേ നമ്മിലെ ശാശ്വതമായത് ജീവിക്കുന്നു ;മാറ്റമില്ലാതെ അനന്തമായ്.'

# കേരളാ വ്യാപാരി വ്യവസായി ഏകേപന സമിതി വെസ്റ്റ് നടക്കാവ് യൂണിറ്റ് ഭാരവാഹികൾ





അബ്ദുറഹ്മാൻ( പ്രസിഡന്റ്) പി.ടി അബ്ദുൽ ഷുക്കൂർ ( ജനറൽ സെക്രട്ടറി)

കോഴിക്കോട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വെസ്റ്റ് നടക്കാവ് ദ്വൈവാർഷിക യൂണിറ്റ് ജനറൽ ബോഡിയോഗം ജില്ലാ ട്രഷറർ വി. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് യു അബ്ദുറഹ്മാൻ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി ബാബുമോൻ, യൂത്ത് വിങ് സംസ്ഥാന സെക്രട്ടറി സലീം രാമനാട്ടുകര , എവി കബീർ, മനാഫ്, എകെ മൻസൂർ, പിവിഎ സിദ്ധീക്ക് എന്നിവർ സംസാരിച്ചു. മുതിർന്ന വ്യാപാകളെ പൊന്നാടയണിയിച്ച് ആദരിച്ചു. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ വ്യാപാരികളുടെ കുട്ടികൾക്ക് ട്രോഫികൾ സമ്മാനിച്ചു. പണിക്കർ റോഡ് ആറാം ഗേറ്റിൽ നിർമിക്കുന്ന അണ്ടർഗ്രൗണ്ട് റെയിൽ പാതയിൽ സ്ഥലം നഷ്ടപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകുക, ഇരുപത് വർഷം മുൻപാരംഭിച്ച എൻഎച്ച് 212 വയനാട് റോഡ് നിർമാണം പെട്ടന്ന് പൂർത്തിയാക്കുക, വ്യാപാരികൾക്ക് ന്യായമായ നഷ്ട പരിഹാരം നൽകുക, പോസ്റ്റ് ഓഫീസ് മുതൽ പാവങ്ങാട് വരെ കിഫ്ബിയിൽ ഉൾപ്പെടുത്തി അക്വിസിഷൻ നടത്താനുള്ള തീരുമാനം പുനപരിശോധിക്കുക എന്നീപ്രമേയങ്ങളും യോഗം അംഗീകരിച്ചു. പുതിയ ഭാരവാഹികളായി യു അബ്ദുറഹ്മാൻ( പ്രസിഡന്റ്) പി.ടി അബ്ദുൽ ഷുക്കൂർ ( ജനറൽ സെക്രട്ടറി) കെസി. ഭാസ്കരൻ ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

## ചരമം

### വിജയമ്മ

പേരൂർക്കട: വഴയില കാവടിത്തലയ്ക്കൽ കെ.വി.നഗർ അനുഗ്രഹ ഭവൻ കെ.ആർ.എ. 129-ൽ വിജയമ്മ (64) അന്തരിച്ചു. ഭർത്താവ്: പ്രേംരാജ് ആർ. (റിട്ട. ബ്രാഞ്ച് മാനേജർ, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്). മക്കൾ: പ്രേംലത പി. (ദുബായ്), പ്രേംലാൽ പി. (കുന്നിൽ ഫിനാൻസ്). മരുമകൻ: എമിൽ (ബെംഗളൂരു). സംസ്കാരം വെള്ളിയാഴ്ച ഉച്ചയ്ക്ക് 2-ന് പറമ്പുക്കോണം ദി പെന്തക്കോസ്ത് മിഷൻ ചർച്ച് സെമിത്തേരിയിൽ.

### ഗംഗാധരമേനോൻ

അമരവിള: നടൂർക്കൊല്ല ഇടയിൽ തട്ടാംവിളാകത്ത് വീട്ടിൽ ഗംഗാധരമേനോൻ(97) അന്തരിച്ചു. ഭാര്യ: പരേതയായ ഇന്ദിരാ ദേവി. മക്കൾ: രമേഷ് കുമാർ, ജയശ്രീ, പരേതരായ ഗിരിജാ ദേവി, സുരേഷ് കുമാർ. മരുമക്കൾ: അംബികാ ദേവി, ശ്രീദേവി, പരേതനായ മുത്തുകുമാർ. സഞ്ചയനം ഞായറാഴ്ച 9-ന്.

### ജി.പാറുക്കുട്ടി അമ്മ

കുഴിത്തുറ: മരുതൻകോട് മേലണ്ടുകോടുവീട്ടിൽ ജി.പാറുക്കുട്ടി അമ്മ(89) അന്തരിച്ചു. ഭർത്താവ്: പരേതനായ കേശവപിള്ള. മക്കൾ: വേലപ്പൻ നായർ, നാഗേശ്വരി അമ്മ, ചന്ദ്രശേഖരൻ നായർ, പരേതനായ വിജയൻ. മരുമക്കൾ: സതീദേവി, മോഹനകുമാർ, ഹൈമവല്ലി. സഞ്ചയനം ഞായറാഴ്ച 9-ന്.



# കേരള ബ്ലാസ്റ്റേഴ്സിന് സ്വീഡിഷ് പരിശീലകൻ

കൊച്ചി: സ്വീഡിഷ് പരിശീലകൻ മിക്കേൽ സ്റ്റാറേ അടുത്ത സീസണിൽ കേരള ബ്ലാസ്റ്റേഴ്സിനെ പരിശീലിപ്പിക്കും. വ്യാഴാഴ്ച വൈകിട്ടാണ് ഇവാൻ വുക്കൊമാനോവിച്ചിന്റെ പകരക്കാരനെ ബ്ലാസ്റ്റേഴ്സ് സമൂഹമാധ്യമത്തിലൂടെ പ്രഖ്യാപിച്ചത്. 46 വയസ്സുകാരനായ സ്റ്റാറേ രണ്ടു വർഷത്തെ കരാറിലാണ് ടീമിനൊപ്പം ചേരുന്നത്.

പരിശീലകനായി 20 വർഷത്തെ അനുഭവ പരിചയമുള്ള ആളാണ് സ്റ്റാറേ. സ്വീഡൻ, ഗ്രീസ്, ചൈന, നോർവെ, യുഎസ്, തായ്‌ലൻഡ് ലീഗുകളിലെ ടീമുകളെയാണ് മുൻപു പരിശീലിപ്പിച്ചിട്ടുള്ളത്. തായ് ലീഗിലെ ഉതൈ താനിയെയാണ് ഒടുവിൽ പരിശീലിപ്പിച്ചത്. മാനേജ്മെന്റുമായുള്ള ക്രിയാത്മകമായ ചർച്ചയ്ക്കൊടുവിലാണ് ബ്ലാസ്റ്റേഴ്സിൽ ചേരാൻ തീരുമാനിച്ചതെന്ന് സ്റ്റാറേ പ്രതികരിച്ചു.

സ്വീഡിഷ് ക്ലബായ വാസ്ബി യുണൈറ്റഡിലൂടെ പരിശീലക കുപ്പായം അണിഞ്ഞ സ്റ്റാറേ 2009ൽ സ്വീഡിഷ് ക്ലബായ എഐകെയുടെ മുഖ്യ പരിശീലകനായി ചുമതലയേറ്റു, എഐകെയ്ക്കൊപ്പം സ്വീഡിഷ് ലീഗ് ആയ ഓൾസ്‌വെൻസ്കാൻ ഒപ്പം തന്നെ കപ്പ് മത്സരങ്ങളായ സ്വെൻസ്ക കപ്പൻ, സൂപ്പർകുപെൻ എന്നിവ നേടിയതും ഐഎഫ്കെ ഗോട്ടെബർഗിനൊപ്പം സ്വെൻസ്ക കപ്പൻ നേടിയതും അദ്ദേഹത്തിന്റെ കരിയറിലെ സുപ്രധാന നേട്ടങ്ങളാണ്.

ഐഎസ്എൽ ചരിത്രത്തിലെ ആദ്യ സ്വീഡിഷ് പരിശീലകനാണ് മിക്കേൽ സ്റ്റാറേ. തായ് ലീഗിൽ 25 മത്സരങ്ങളിൽ ഉതൈ താനിയ്ക്കൊപ്പം തുടർന്ന സ്റ്റാറെ ഏഴു വിജയമാണു നേടിയത്.

പത്തു കളികൾ തോറ്റപ്പോൾ എട്ടെണ്ണം സമനിലയിലാണ് കലാശിച്ചത്.

# ഇനി സാനിയയും ഇസ്ഹാനും; വിവാഹ മോചനശേഷം വീടിന്റെ നെയിംബോഡ് മാറ്റി താരം






ദുബൈ: മാസങ്ങൾക്ക് മുൻപാണ് ഇന്ത്യൻ ടെന്നീസ് താരം സാനിയ മിർസയും പാക് ക്രിക്കറ്റ് താരം ഷുഹൈബ് മാലികും വിവാഹബന്ധം വേർപെടുത്തിയത്. പാക് മോഡലും നടിയുമായ സന ജാവേദുമൊന്നിച്ചുള്ള വിവാഹ ചിത്രങ്ങൾ മാലിക് സമൂഹ മാധ്യമങ്ങളിൽ പങ്കുവെച്ചതോടെയാണ് വിവാഹമോചനകാര്യം ലോകമറിഞ്ഞത്. തുടർന്ന് സാനിയയാണ് ബന്ധം വേർപെടുത്താൻ മുൻകൈയെടുത്തതെന്ന് അറിയിച്ച് കുടുംബം രംഗത്തെത്തുകയും ചെയ്തിരുന്നു. ദേശീയ ടീമിൽ നിന്നും വിരമിച്ച മാലിക് നിലവിൽ പാക് ട്വന്റി 20 ലീഗുകളിൽ പങ്കെടുക്കുന്നു. ടെന്നീസ് കരിയർ മതിയാക്കിയ സാനിയ മകൻ ഇസ്ഹാനൊപ്പം ദുബൈയിലാണ് താമസിക്കുന്നത്. ദുബൈയിലെ തന്റെ വീടിന് സാനിയ പുതിയ പേരു നൽകിയിരിക്കുകയാണിപ്പോൾ. ഇൻസ്റ്റഗ്രാമിലൂടെ താരം തന്നെയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

സാനിയ എന്ന പേരിനൊപ്പം മകൻ ഇസ്ഹാന്റെ പേരുകൂടി ചേർത്താണ് നെയിം പ്ലേറ്റ് നൽകിയിരിക്കുന്നത്. വുഡൻ ഡിസൈനിൽ സാനിയ ആന്റ് ഇസ്ഹാൻ എന്നാണ് ആലേഖനം ചെയ്തത്. ദുബൈയിൽ രണ്ട് നിലകളുള്ള വീടാണ് സാനിയക്കുള്ളത്. സോഷ്യൽ മീഡിയയിൽ താരത്തിന്റെ പോസ്റ്റിന് താഴെ പിന്തുണയുമായി നിരവധി പേരാണ് എത്തിയത്. 2012ലാണ് സാനിയയും മാലികും വിവാഹിതരായത്. 2022മുതൽ ഇരുവരും പിരിഞ്ഞ് താമസിക്കുകയാണെങ്കിലും വിവാഹമോചനത്തിൽ സ്ഥിരീകരണം നടത്താൻ രണ്ടും പേരും തയാറായിരുന്നില്ല.

# ഫ്രഞ്ച് ഓപ്പൺ ആദ്യ റൗണ്ട് തന്നെ 'ബ്ലോക്ക്ബസ്റ്റർ!' നദാലിന് എതിരാളി സ്വരേവ്

പാരിസ്: ഇതിഹാസ സ്പാനിഷ് താരം റാഫേൽ നദാലിന്റെ വിടവാങ്ങൽ എന്ന നിലയിൽ ഫ്രഞ്ച് ഓപ്പൺ ടെന്നീസ് ഇത്തവണ ശ്രദ്ധേയമാണ്. ഗ്രാൻഡ് സ്ലാം പോരിന്റെ ആദ്യ റൗണ്ട് തന്നെ ബ്ലോക്ക് ബസ്റ്ററായി മാറും. ആദ്യ റൗണ്ടിൽ തന്നെ നദാലിന്റെ എതിരാളി ലോക നാലാം നമ്പർ താരം ജർമനിയുടെ അലക്സാണ്ടർ സ്വരേവ്!

പരിക്കിനെ തുടർന്ന് ഈ സീസണിൽ കാര്യമായി കളത്തിലിറങ്ങാത്ത നദാൽ ഇത്തവണ ഫ്രഞ്ച് ഓപ്പൺ കളിക്കാനിറങ്ങുന്നത് അൺസീഡഡ് താരമായാണ്. ഇതോടെയാണ് ആദ്യ റൗണ്ടിൽ തന്നെ ഉയർന്ന റാങ്കിലെ താരവുമായി നദാലിനു മത്സരിക്കാൻ ഇറങ്ങേണ്ടി വന്നത്. നിലവിൽ 276ാം റാങ്കിലാണ് താരം.

റെക്കോർഡ് ഫ്രഞ്ച് ഓപ്പൺ ചാമ്പ്യനായ നദാൽ ഒരു കിരീട നേട്ടത്തെ തന്റെ ഇഷ്ട വേദിയോടു വിട പറയുമോ എന്നതാണ് ടെന്നീസ് ലോകം ആകാംക്ഷയോടെ നോക്കുന്നത്. 2022ലെ സെമിയിൽ ഇവിടെ സ്വരേവും നദാലും ഏറ്റുമുട്ടിയിരുന്നു. പരിക്കിനെ തുടർന്നു സ്വരേവ് മത്സരം മുഴുമിപ്പിക്കാതെ പിൻമാറി.

2022ലാണ് നദാൽ ഇവിടെ അവസാനമായി കിരീടം നേടിയത്. 14 തവണ ഇവിടെ കിരീടം സ്വന്തമാക്കിയ നദാൽ 15ാം ഫ്രഞ്ച് ഓപ്പൺ സ്വന്തമാക്കി കളം വിടുമോ എന്നു കാത്തിരുന്നു കാണാം.

# ആത്മവിശ്വാസത്തിൽ സഞ്ജുവും സംഘവും; ഫൈനൽ ഉറപ്പിക്കാൻ അങ്കം



ചെന്നൈ: ഐപിഎല്ലിൽ രണ്ടാം ക്വാളിഫയർ പോരാട്ടം ഇന്ന്. രാജസ്ഥാൻ റോയൽസും സൺറൈസേഴ്സ് ഹൈദരാബാദും തമ്മിലാണ് ഫൈനലുറപ്പിക്കാനുള്ള പോരാട്ടം. ഈ മത്സരം ജയിക്കുന്ന ടീം കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി കീരിടത്തിനായി ഏറ്റുമുട്ടും. വൈകിട്ട് 7.30 മുതൽ ചെന്നൈയിലാണ് പോരാട്ടം.ഗ്രൂപ്പ് പോരിൽ രണ്ടാം സ്ഥാനവുമായി പ്ലേ ഓഫിലെത്തിയ ഹൈദരാബാദ് കൊൽക്കത്തയോടു തോറ്റാണ് രണ്ടാം ക്വാളിഫയറിലേക്ക് കാത്തിരിക്കേണ്ടി വന്നത്. രാജസ്ഥാൻ നിർണായക ഘട്ടത്തിൽ ഫോമിലേക്ക് മടങ്ങിയെത്തി റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ എലിമിനേറ്റർ പോരിൽ വീഴ്ത്തിയാണ് ആയുസ് നീട്ടിയത്.

തുടരെ തോൽവികളേറ്റാണ് രാജസ്ഥാൻ എലിമിനേറ്ററിൽ ഇറങ്ങിയത്. അതിനാൽ തന്നെ അവർക്ക് ആർസിബിക്കെതിരെ ജയം അനിവാര്യമായിരുന്നു. ആയുസ് നീട്ടാനും ആത്മവിശ്വാസം തിരികെ പിടിക്കാനും. രണ്ടിലും കാര്യങ്ങൾ അവരുടെ വഴിക്കു തന്നെ വന്നു.

കഴിഞ്ഞ കളി വരെ ബാറ്റിങ് നിരയുടെ കനത്ത സംഭാവന ഹൈദരാബാദിന്റെ മുന്നേറ്റത്തിൽ നിർണായകമായിരുന്നു. എന്നാൽ കൂറ്റനടിക്കാരെ ക്ഷണത്തിൽ മടക്കി കൊൽക്കത്ത അവരുടെ കണക്കുകൂട്ടൽ തെറ്റിച്ചു. ഈ തന്ത്രമായിരിക്കും രാജസ്ഥാനും പരീക്ഷിക്കുക.ആർസിബിക്കെതിരായ പോരാട്ടത്തിൽ ട്രെന്റ് ബോൾട്ടും ആർ അശ്വിനും മികച്ച ബൗളിങ് പുറത്തെടുത്തിരുന്നു. ആവേശ് ഖാനും ഫോമിലാണ് എന്നത് സഞ്ജുവിനും സംഘത്തിനും ആശ്വാസ ഘടകമാണ്. ട്രാവിസ് ഹെഡ്ഡ്, അഭിഷേക് ശർമ, ഹെയ്ന്റിച് ക്ലാസൻ എന്നിവരുടെ മാരക ഫോമാണ് എസ്ആർഎച്ചിന്റെ പ്രതീക്ഷ. ഹെഡ്ഡ് 533 റൺസും അഭിഷേക് 470 റൺസും ക്ലാസൻ 413 റൺസുമാണ് ഈ ഐപിഎല്ലിൽ അടിച്ചത്. കൂറ്റൻ സ്കോർ ഒന്നിലേറെ തവണ നേടിയ ടീം ഹൈദരാബാദ് തന്നെ. ഈ ബാറ്റിങ് കരുത്തും ഒപ്പം പേസ് വൈവിധ്യത്തിലുമാണ് ഹൈദരാബാദ് വിശ്വസിക്കുന്നത്.


# ട്വന്റി 20യിൽ വരവറിയിച്ച് അമേരിക്ക; ബംഗ്ലാദേശിനെതിരെ അട്ടിമറി ജയം, പരമ്പര




ടെക്സാസ്: ട്വന്റി 20 ലോകകപ്പിന് ദിവസങ്ങൾ ബാക്കിനിൽക്കെ വരവറിയിച്ച് ആതിഥേയരായ അമേരിക്ക. ബംഗ്ലാദേശിനിതിരായ പരമ്പര (20) സ്വന്തമാക്കിയാണ് ടീം കരുത്തുകാട്ടിയത്. അത്യന്തം ആവേശകരമായ രണ്ടാം ട്വന്റി 20യിൽ ആറു റൺസിനാണ് ജയം പിടിച്ചത്. മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത യുഎസ് ടീം ആറ് വിക്കറ്റ് നഷ്ടത്തിൽ 144 റൺസെടുത്തു. മറുപടി ബാറ്റിംഗിൽ ബംഗ്ലാദേശ് 138 റൺസിൽ എല്ലാവരും പുറത്തായി. ടെസ്റ്റ് കളിക്കുന്ന ഒരു രാജ്യത്തിനെതിരെ അമേരിക്ക ആദ്യമായാണ് ട്വന്റി 20 പരമ്പര സ്വന്തമാക്കുന്നത്.ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ അമേരിക്കയ്ക്കായി ഓപ്പണിങ് കൂട്ടുകെട്ട് ഭേദപ്പെട്ട തുടക്കമാണ് നൽകിയത്. സ്റ്റീവൻ ടെയ്‌ലർ 28 പന്തിൽ 31, ക്യാപ്റ്റൻ മൊണാങ്ക് പട്ടേൽ 38 പന്തിൽ 42 റൺസ് നേടി. എന്നാൽ മധ്യനിരയിൽ ആരോൺ ജോൺസ് മാത്രമാണ്( 34 പന്തിൽ 35) മാത്രമാണ് പ്രതീക്ഷക്കൊത്തുയർന്നത്. കഴിഞ്ഞ മത്സരത്തിലെ താരം കോറി ആൻഡേഴ്സൺ 11 റൺസുമായി പുറത്തായി. ബംഗ്ലാദേശിനായി മുസ്തഫിസുർ റഹ്മാൻ, റിഷാദ് ഹുസൈൻ, ഷൊരിഫുൽ ഇസ്ലാം എന്നിവർ രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.

മറുപടി ബാറ്റിങിൽ ബംഗ്ലാദേശിന് കൃത്യമായ ഇടവേളകളിൽ വിക്കറ്റ് നഷ്ടമായി. ക്യാപ്റ്റൻ നജ്മുൾ ഹുസൈൻ ഷാന്റോ 34 പന്തിൽ 36 റൺസുമായി ടോപ സ്കോററായി. ഷാക്കിബ് അൽ ഹസൻ(30) റൺസെടുത്ത് പുറത്തായി. യു.എസിനായി അലി ഖാൻ മൂന്ന് വിക്കറ്റ് വീഴ്ത്തി. നേരത്തെ ആദ്യ മത്സരത്തിൽ ബംഗ്ലാദേശിനെതിരെ അമേരിക്ക ആധികാരിക ജയം സ്വന്തമാക്കിയിരുന്നു.

# വാതുവെപ്പ് നിയമ ലംഘനം;ബ്രസീൽ താരം പക്വേറ്റ കുരുക്കിൽ,കരിയർ അനിശ്ചിതത്വത്തിൽ




ലണ്ടൻ: വാതുവെപ്പ് നിയമലംഘനത്തിൽ ബ്രസീലിന്റേയും ഇംഗ്ലീഷ് ക്ലബ് വെസ്റ്റ്ഹം യുണൈറ്റഡിന്റേയും മധ്യനിര താരം ലൂക്കാസ് പക്വേറ്റ കുരുക്കിൽ. വാതുവെപ്പുകാർക്ക് അനുകൂലമായി മത്സരത്തിന് കളിച്ചെന്ന ആരോപണത്തിൽ താരത്തെ കുറ്റക്കാരനെന്ന് ഇംഗ്ലീഷ് ഫുട്ബോൾ അസോസിയേഷൻ കണ്ടെത്തി. ഇതോടെ 26 കാരന്റെ ഫുട്ബോൾ കരിയർ അനിശ്ചിതത്വത്തിലായി. അടുത്തമാസം നടക്കാനിരിക്കുന്ന കോപ അമേരിക്ക മത്സരത്തിനുള്ള ബ്രസീൽ ടീമിലെ പ്രധാനിയാണ് പക്വേറ്റ.

ഇംഗ്ലീഷ് പ്രീമിയർ ലീഗ് 2022-23 സീസണിലെ മൂന്ന് മത്സരങ്ങളിലും 2023-24 സീസണിലെ ആദ്യ മത്സരങ്ങളിലും മഞ്ഞകാർഡ് ലഭിക്കാനായി ബ്രസീൽ താരം ശ്രമങ്ങൾ നടത്തിയെന്നാണ് ഫുട്ബോൾ അസോസിയേഷന്റെ കണ്ടെത്തൽ. ആരോപണങ്ങളിൽ ജൂൺ മൂന്നിന് മുമ്പ് താരം മറുപടി നൽകണം.

അതേസമയം, ഇംഗ്ലീണ്ട് ഫുട്ബോൾ അസോസിയേഷൻ നടപടിയെ ഞെട്ടലോടെയാണ് കാണുന്നതെന്ന് പക്വേറ്റ സമൂഹ മാധ്യമങ്ങളിൽ പ്രതികരിച്ചു. അന്വേഷണത്തിന്റെ ഒരോ ഘട്ടത്തിലും താൻ സഹകരിച്ചു. വിവരങ്ങളെല്ലാം നൽകി. ആരോപണങ്ങളെല്ലാം താൻ നിഷേധിച്ചതാണ്. തെറ്റുകാരനല്ലെന്ന് തെളിയിക്കാൻ പോരാടുമെന്നും ബ്രസീൽതാരം വ്യക്തമാക്കി. അന്വേഷണ കാലയളവിലും വെസ്റ്റ് ഹാമിനായി പക്വേറ്റ കളത്തിലിറങ്ങിയിരുന്നു. അടുത്തസീസണിൽ മധ്യനിര താരത്തെ ടീമിലെത്തിക്കാൻ മാഞ്ചസ്റ്റർ സിറ്റി ശ്രമം നടത്തുന്നതിനിടെയാണ് ഇത്തരമൊരു നടപടിയെത്തിയത്. നേരത്തെ സമാനമായ കേസിൽ ബ്രെൻഡ്ഫോർഡ് സ്ട്രൈക്കർ ഇവാൻ ടോണിയെ എട്ട് മാസത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു.

# ഹാൻസി ഫ്ലിക്ക് ബാഴ്സലോണ പരിശീലക സ്ഥാനത്തേക്ക് അടുക്കുന്നു



ജർമ്മൻ പരിശീലകൻ ഹാൻസി ഫ്ലിക്ക് ബാഴ്സലോണയുടെ അടുത്ത പരിശീലകനാകാൻ സാധ്യത ഹാൻസി ഫ്ലിക്കുമായുള്ള ബാഴ്സലോണയുടെ ചർച്ചകൾ പുരോഗമിക്കുകയാണ്. രണ്ട് വർഷം നീളുന്ന ഒരു കരാർ ബാഴ്സലോണ ഹാൻസി ഫ്ലിക്കിന് വാഗ്ദാനം ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം ഡെക്കോയും ഫ്ലിക്കും തമ്മിൽ കൂടിക്കാഴ്ച നടത്തിയിരുന്നു.

ബാഴ്സലോണയുടെ ഇപ്പോഴത്തെ പരിശീലകൻ സാവി ഈ സീസണിലെ അവസാന മത്സരം കഴിഞ്ഞാൽ ക്ലബ് വിടും. നേരത്തെ സാവി തുടരും എന്ന് ക്ലബ് പറഞ്ഞിരുന്നു എങ്കിലും അവസാന ആഴ്ചകളിൽ ക്ലബിന് സാവിയിൽ ഉള്ള വിശ്വാസം നഷ്ടപ്പെട്ടു. ഇതാണ് ബാഴ്സലോണ പുതിയ പരിശീലകനെ അന്വേഷിക്കാനുള്ള പ്രധാന കാരണം.അവസാനമായി ജർമ്മൻ ദേശീയ ടീം പരിശീലകൻ ആയാണ് ഫ്ലിക്ക് പ്രവർത്തിച്ചത് അവിടെ നല്ല ഓർമ്മകൾ അല്ല ഫ്ലിക്കിന് ഉള്ളത് ബയേണിൽ ആയിരുന്നു ഫ്ലിക്കിന്റെ നല്ല പ്രകടനം വന്നത്.

ബയേണ് ട്രെബിൾ കിരീടം ഉൾപ്പെടെ ഏഴു കിരീടങ്ങൾ നേടിക്കൊടുക്കാൻ ഹാൻസി ഫ്ലിക്കിന് ഒന്നര വർഷത്തെ കാലയളവിനിടയിൽ ആയിരുന്നു. ആ മാജിക്ക് പക്ഷെ ദേശീയ ടീമിനൊപ്പം ആവർത്തിക്കാൻ ആയില്ല.

# പൂനെ പോർഷെ അപകടം; അപകടസമയത്ത് തൻറെ ഡ്രൈവറാണ് കാറോടിച്ചിരുന്നതെന്ന് 17കാരൻറെ പിതാവ്

പൂനെ: മദ്യലഹരിയിൽ 17കാരൻ ഓടിച്ച ആഡംബര കാറിടിച്ച് രണ്ടുപേർ കൊല്ലപ്പെട്ട സംഭവത്തിൽ പുതിയ വാദവുമായി പിതാവ്. അപകടം നടക്കുമ്പോൾ തൻറെ മകനല്ല പോർഷെ കാറോടിച്ചിരുന്നതെന്നും കുടുംബ ഡ്രൈവറായിരുന്നുവെന്നും വിശാൽ അഗർവാൾ പറഞ്ഞു. അപകട സമയത്ത് കൂടെയുണ്ടായിരുന്ന 17കാരൻറെ രണ്ട് സുഹൃത്തുക്കളും വിശാലിൻറെ വാദങ്ങളെ പിന്തുണച്ചിട്ടുണ്ട്.

അതേസമയം അപകടം നടന്ന രാത്രി കാറോടിച്ചതായി ആരോപിക്കപ്പെടുന്ന ഡ്രൈവറെ പൊലീസ് ഇന്ന് വീണ്ടും ചോദ്യം ചെയ്യും. അപകട സമയത്ത് പോർഷെ ഓടിച്ചിരുന്നത് താനാണെന്ന് ഫാമിലി ഡ്രൈവർ തന്റെ ആദ്യ മൊഴിയിൽ പറഞ്ഞിരുന്നു. ഇതിനിടയിൽ വിശാൽ അഗർവാളിന്റെ മൊബൈൽ ഫോൺ കണ്ടെടുത്തു. അപകടത്തിന്റെ വിശദാംശങ്ങൾ പുറത്തുകൊണ്ടുവരാനുള്ള ശ്രമങ്ങൾ തുടരുകയാണ്.കേസുമായി ബന്ധപ്പെട്ട് 17കാരൻറെ മുത്തച്ഛൻ സുരേന്ദ്ര അഗർവാളിനെയും പൂനെ ക്രൈം ബ്രാഞ്ച് ചോദ്യം ചെയ്തുവരികയാണ്. മകനെയും പേരക്കുട്ടിയെയും കുറിച്ച് കൂടുതൽ അറിയാനും അപകട ദിവസം അവരുമായി നടത്തിയ സംഭാഷണങ്ങളെക്കുറിച്ചറിയാനുമാണ് ചോദ്യം ചെയ്യൽ.

പ്രതിയുടെ രക്തത്തിലെ മദ്യത്തിൻറെ അളവ് കണ്ടെത്താനുള്ള പരിശോധനയുടെ റിപ്പോർട്ട് കേസിന്റെ അന്വേഷണത്തിന് പ്രധാനമല്ലെന്ന് പൂനെ പൊലീസ് കമ്മീഷണർ അമിതേഷ് കുമാർ വ്യാഴാഴ്ച പറഞ്ഞു. പ്രായപൂർത്തിയാകാത്ത ആൺകുട്ടി മദ്യലഹരിയിലാണ് കുറ്റകൃത്യം ചെയ്തതെന്ന് പറയാനാവില്ലെന്ന് കമ്മീഷണർ വ്യക്തമാക്കി.

പൂനെയിലെ കല്ല്യാണി നഗറിൽ ഞായറാഴ്ച പുലർച്ചെയോടെയാണ് അപകടമുണ്ടായത്. മദ്യലഹരിയിൽ അമിത വേഗത്തിൽ കാറോടിച്ച 17കാരൻ ബൈക്ക് യാത്രികരെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ തെറിച്ച് വീണ ഐടി പ്രൊഫഷണലുകളായ യുവാക്കൾ സംഭവ സ്ഥലത്ത് വച്ചുതന്നെ മരിച്ചു. മദ്യപ്രദേശ് സ്വദേശികളായ അനീഷ് അവാഡിയ, അശ്വിനി കോസ്റ്റ എന്നിവരാണ് മരിച്ചത്. യുവാക്കളെ ഇടിച്ചിട്ട കാർ റോഡിലെ നടപ്പാതയിൽ ഇടിച്ചാണ് നിന്നത്. സംഭവത്തിന് പിന്നാലെ 17കാരനെ നാട്ടുകാർ പിടികൂടിയാണ് പൊലീസിൽ ഏൽപ്പിച്ചത്. ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കിയ 17കാരനെ മണിക്കൂറുകൾക്ക് ശേഷം ജാമ്യത്തിൽ വിട്ടയച്ചത് പ്രതിഷേധത്തിനിടയാക്കിയിരുന്നു. പിന്നീട് ജാമ്യം ജുവനൈൽ ജസ്റ്റിസ് ബോർഡ് റദ്ദാക്കിയിരുന്നു.

# കുവൈറ്റിനെ നേരിടാനുള്ള ഇന്ത്യൻ ടീം പ്രഖ്യാപിച്ചു, മലയാളിയായി സഹൽ മാത്രം

കുവൈറ്റിന് എതിരായ ലോകകപ്പ് യോഗ്യത മത്സരത്തിനായുള്ള 27 അംഗ ഇന്ത്യൻ ഫുട്ബോൾ ടീം പ്രഖ്യാപിച്ചു. നേരത്തെ ക്യാമ്പിൽ ഉണ്ടായിരുന്ന ടീമിൽ നിന്നാണ് 27 അംഗ ടീമിനെ തിരഞ്ഞെടുത്തിരിക്കുന്നത്. മലയാളി താരമായി സഹൽ അബ്ദുൽ സമദ് മാത്രമാണ് ടീമിൽ ഉള്ളത്. ജൂൺ 6ന് കൊൽക്കത്തയിൽ വെച്ചാണ് മത്സരം നടക്കുന്നത്. സുനിൽ ഛേത്രിയുടെ ഇന്ത്യക്ക് ആയുള്ള അവസാന മത്സരം കൂടിയാണ് ഇത്.നേരത്തെ ക്യാമ്പിൽ ജിതിൻ, വിബിൻ, രാഹുൽ എന്നിവരും ഉണ്ടായിരുന്നു. എന്നാൽ പരിക്ക് കാരണം വിബിനും രാഹുലും ഈ മത്സരത്തിന് ഉണ്ടാകില്ല എന്ന് ഉറപ്പായിരുന്നു. 27 അംഗ സ്ക്വാഡ് വന്നപ്പോൾ ജിതിനും അവസരം ലഭിച്ചില്ല.

# അവയവക്കച്ചവടത്തിനായി മനുഷ്യക്കടത്ത്; ഫോൺ കോളുകൾ കേന്ദ്രീകരിച്ച് അന്വേഷണം

കൊച്ചി: അവയവക്കച്ചവടത്തിനായി ഇന്ത്യയിൽ നിന്നും ഇറാനിലേക്ക് മനുഷ്യക്കടത്ത് നടത്തിയ കേസിൽ പ്രതി സാബിത്തുമായി ഫോണിൽ നിരന്തരം ബന്ധപ്പെട്ടിരുന്ന ആളുകളെ കേന്ദ്രീകരിച്ച് അന്വേഷണം. സാബിത്തിനെ നിരന്തരം ഫോണിൽ വിളിച്ചിരുന്ന അഞ്ചു പേരുടെ ഫോൺ ഓഫാക്കിയ നിലയിലാണ്.

കേസിൽ മുഖ്യപങ്കുണ്ടെന്ന് സംശയിക്കുന്ന കൊച്ചി സ്വദേശി മധു ഇറാനിലാണെന്ന വിവരവും അന്വേഷണസംഘത്തിന് ലഭിച്ചു.

കേസിലെ പ്രതി സാബിത്ത്,നാസർ ഇടനിലക്കാരൻ അല്ലെന്നും മുഖ്യ സൂത്രധാരന്മാരിൽ ഒരാളാണെന്നും അന്വേഷണസംഘം സ്ഥിരീകരിച്ചിരുന്നു. പിന്നാലെയാണ് പ്രതിയുമായി ബന്ധമുള്ള സംഘത്തെ കേന്ദ്രീകരിച്ചുള്ള അന്വേഷണം.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.